Tony Pearce

അന്ത്യ നാളുകൾക്ക് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ജൂലൈ 2024

# ഇരിമ്പും കളിമണ്ണും.

## ലോക വ്യവസ്ഥ തകരുമോ അതോ ഒന്നിക്കുമോ?



**ബൈ**ബിളിലെ ഒരു വേദഭാഗത്തിൽ ദൈവം ഇങ്ങനെ സംസാരിക്കുന്നു, ***“ഞാൻ ഇനി ഒരിക്കൽ ഭൂമിയെ മാത്രമല്ല, ആകാശത്തെയും ഇളക്കും”***. ഈ ഇളക്കലിന്റെ അനന്തരഫലമായി, ***‘ഇളക്കമില്ലാത്തതു നിലനിൽക്കേണ്ടതിനു നിർമ്മിതമായ ഇളക്കമുള്ളതിനു മാറ്റം വരും.’*** എബ്രായർ 12:26-27.

ദൈവം ഇന്നത്തെ ലോകസംവിധാനം ഇളക്കാൻ പോവുകയാണ്. അവിടുന്ന് അതിനെ തകർത്തു കളയും. അതിനു ശേഷം, ഈ ഗ്രഹത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാൻ യേശു മടങ്ങി വരുമ്പോൾ സ്ഥാപിതമാകുന്ന മശിഹൈക രാജ്യത്തിൽ അവിടുന്ന് അവയെ വീണ്ടും

### ഉള്ളടക്കം

ഇരിമ്പും കളിമണ്ണും ........ 1

അവർക്ക് യിസ്രായേലിനെ നശിപ്പിക്കണം ........ 11

ദൈവം നിശ്ചയമായും ഭൂമിയിൽ വാഴുമോ? ...... 19

കാലത്തിന്റെ അടയാളങ്ങൾ........ 26

ഒരുമിച്ചുകൂട്ടും. ഇതു വായിക്കുന്ന നിരവധിയാളുകൾ അത് അസാധ്യമാണെന്ന് പറയും. എന്നാൽ എന്നോടൊപ്പം കാത്തിരിക്കൂ. ഇളക്കൽ സംഭവിക്കാൻ പോകുന്നതിന്റെയും അതുമൂലം എന്തു ഭവിക്കുമെന്നതിന്റെയും തെളിവ് ഞാൻ തരാം. ബാബിലോൻ എന്ന രഹസ്യ ചിഹ്നനാമം നൽകിയിരിക്കുന്ന ഇന്നത്തെ ലോക സംവിധാനം ഭാവിയിൽ തകർന്നുവീഴുമെന്ന് ബൈബിൾ നമ്മോട് പറയുന്നു. ഇപ്പോൾ നടക്കുന്ന സംഭവങ്ങൾ വിളിച്ചുപറയുന്നത് അത് വിദൂരമല്ലെന്നാണ്:

*'അവൻ ഉറക്കെ വിളിച്ചുപറഞ്ഞതു: വീണുപോയി: മഹതിയാം ബാബിലോൻ വീണുപോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറപ്പുമുള്ള സകലപക്ഷികളുടെയും തടവുമായിത്തീർന്നു. അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകലജാതികളും കുടിച്ചു; ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്കയും ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകയും ചെയ്തു'* (വെളിപ്പാട് 18: 2-3).

അപ്പോൾ അവശേഷിക്കുന്നതെല്ലാം ദൈവരാജ്യമായിത്തീരും. അതിന് ഒരിക്കലും ഇളക്കം തട്ടില്ല. കാരണം അതിന്റെ അടിസ്ഥാനം നമ്മെ സൃഷ്ടിച്ച ദൈവത്തിലാണ്. കഷ്ടത്തിന്റെ ആ ദിവസത്തെ അവിടുന്ന് ഇപ്പോഴും തടുത്തുകൊണ്ടിരിക്കുന്നു. വരാൻപോകുന്ന ദുരന്തത്തിൽ നിന്ന് അതുമൂലം നിങ്ങൾക്കും എനിക്കും ഒഴിഞ്ഞിരിക്കാൻ സാധിക്കും. എങ്ങനെയാണ് നമുക്കത് സാധിക്കുന്നത്? അത് മനസ്സിലാക്കാൻ നിങ്ങൾ ഈ മാസികയുടെ അവസാനം കാണുക.

## വരാൻ പോകുന്ന ഇളക്കലിന്റെ അടയാളങ്ങൾ

നിങ്ങൾ ഒരു പക്ഷേ ഇതിനേക്കുറിച്ച് ശ്രദ്ധിച്ചില്ലായിരിക്കും, അപകടസാധ്യത വർധിച്ചുകൊണ്ടിരിക്കുന്ന അസ്ഥിരമായ ഭൂലോകത്തിൽ, ആഗോള ശക്തികൾക്കിടയിൽ അധികാരത്തിനു വേണ്ടി വലിയ തോതിൽ സംഘർഷം ഉരുത്തിരിയുകയാണ്.

ഒരു വശത്ത്, നാറ്റോയുടെയും ഇയുവിന്റെയും അന്താരാഷ്ട്ര നാണയനിധിയെ (IMF)പ്പോലുള്ള ആഗോളവാദ പ്രസ്ഥാനങ്ങളുടെ പിന്തുണയോടെ ലോകത്തിലെ രാജ്യങ്ങളെ, പ്രധാനമായും പാശ്ചാത്യരാജ്യങ്ങളെ അമേരിക്ക നയിക്കുന്നതായി നാം കാണുന്നു. 1980- വരെ അമേരിക്കയെയും പാശ്ചാത്യശക്തികളെയും കിഴക്കുള്ള സോവിയറ്റ് യൂണിയനും കമ്മ്യൂണിസവും വെല്ലുവിളിച്ചിരുന്നു. 1991-ൽ സോവിയറ്റ് യൂണിയൻ തകർന്നു, അത് അമേരിക്കയെ വൻ സ്വാധീനമുള്ള, ലോകത്തിലെ ഒരേയൊരു വൻശക്തിയാക്കി മാറ്റി. അതിശക്തമായ ഒരു സൈന്യവും ലോകത്തിലെ കരുതൽ നാണയമായി അമേരിക്കൻ ഡോളറിന്റെ സ്ഥാനവും, എണ്ണയും വാതകവും വ്യാപാരം ചെയ്യാൻ അന്താരാഷ്ട്ര നാണയമായി ഡോളറിനെ ഉപയോഗിക്കുന്ന പെട്രോ ഡോളർ എന്ന സാമ്പത്തിക സംവിധാനവും ഒക്കെയാണ് അമേരിക്കയെ ആ സ്ഥാനത്ത് എത്തിച്ചത്. സാമ്പത്തികമായി ഇത് അമേരിക്കയ്ക്ക് ഗുണകരമായി.



**ഡോളറിന്റെ സ്ഥാനം നഷ്ടപ്പെടുന്നു**

**അമേരിക്കയുടെ പതനം.** ഡോളറിന്റെ മൂല്യത്തിന്റെ ഇടിവിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. അത് അമേരിക്കൻ സാമ്പത്തിക വ്യവസ്ഥയിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കും. അമേരിക്ക 35 ലക്ഷം കോടി ഡോളറിന്റെ(trillion) കടത്തിലാണ്. അതിന്റെ ബാങ്കിംഗ് സംവിധാനം 517 സഹസ്രകോടി ഡോളറിന്റെ നഷ്ടത്തിലാണ്. സാമ്പത്തിക മേഖല വളരെ മന്ദഗതിയിലായതുകൊണ്ടും അഭൂതപൂർവ്വമായ രീതിയിൽ കടകളിൽ നടക്കുന്ന മോഷണവും കൊള്ളയടിയും മൂലവും വ്യവസായങ്ങൾ തകരുന്നു, കടകൾ അടച്ചു പൂട്ടുന്നു. കോവിഡ് കാലത്തെ അടച്ചു പൂട്ടൽ മൂലവും ആളുകൾ വീട്ടിലിരുന്ന് ജോലി ചെയ്യുന്നത് മൂലവും വാണിജ്യ സ്വത്തിന്റെ മൂല്യം വലിയ തകർച്ചയിലാണ്. ഒരിക്കൽ ദശലക്ഷക്കണക്കിന് ഡോളർ വിലയുണ്ടായിരുന്ന സ്വത്തുക്കൾക്ക് ഇപ്പോൾ ഒരു വിലയുമില്ല. നഗരത്തിന്റെ സുപ്രധാന മേഖലകളിൽ നിരവധി കെട്ടിടങ്ങളാണ് ഒഴിഞ്ഞുകിടക്കുന്നത്. അവിടെ കുറ്റകൃത്യങ്ങളും ഭവനരാഹിത്യവും നടമാടുന്നു.

2023 മാർച്ചിൽ, ഒരു സിലിക്കോൺ വാലി ബാങ്കിൽ നിന്ന് നിക്ഷേപകർ ഒരുമിച്ച് പെട്ടെന്ന് പണം പിൻവലിച്ചത് വലിയ രീതിയിലുള്ള ബാങ്കിംഗ് പ്രതിസന്ധിയിലേക്ക് നയിച്ചു. വലിയ ബാങ്കുകളിൽ ചിലതിന്റെ തകർച്ചയ്ക്ക് അമേരിക്കയുടെ ചരിത്രം ഏതാനും മാസങ്ങൾക്കുള്ളിൽ സാക്ഷിയായി. ഇതു മൂലം ആഗോള പ്രത്യാഘാതങ്ങൾ ഉണ്ടായി. പ്രധാനപ്പെട്ട ആഗോള ബാങ്കായ ക്രെഡിറ്റ് സൂയിസേയുടെ തകർച്ച അതിൽ ഉൾപ്പെടുന്നു. എന്നാൽ, ആ ബാങ്ക് പൂർണ്ണമായും തകരാതിരിക്കാൻ, സമ്മർദ്ദം മൂലം യൂണിയൻ ബാങ്ക് ഓഫ് സ്വിറ്റ്സർലണ്ടുമായി അത് പെട്ടെന്ന് ലയിച്ചു. ലോകത്തെ ബാങ്കുകളിലെല്ലാം പകർച്ചവ്യാധിപോലെ പടർന്ന ഒരു സമ്പൂർണ്ണ ബാങ്കിംഗ് പ്രതിസന്ധിയിൽ നിന്ന്, കേന്ദ്ര ബാങ്കുകളുടെ ചില നടപടികൾ ലോകത്തെ എന്തായാലും കഷ്ടിച്ച് രക്ഷപ്പെടുത്തി. (സമാനമായ നിക്ഷേപ പ്രതിസന്ധി 2008-ൽ സംഭവിച്ചതാണ്). അതിന്റെ ഫലമായി അമേരിക്കൻ ബാങ്കുകളിൽ സഹസ്ര കോടി ഡോളറിന്റെ കടപത്രങ്ങൾ വലിയ നഷ്ടമുണ്ടാക്കിക്കൊണ്ട് കെട്ടിക്കിടക്കുന്നു. മറ്റൊരു ബാങ്കിൽ നിന്ന് നിക്ഷേപകർ പെട്ടെന്ന് ഒരുമിച്ച് പണം പിൻവലിച്ചാൽ, കാര്യങ്ങൾ കൈവിട്ടു പോകാനുള്ള സാധ്യതയുണ്ട്. ഈ പ്രതിസന്ധി ആഗോള ബാങ്കിംഗ് സംവിധാനത്തിലേക്ക് വ്യാപിക്കുകയും, 1930-ലെ മഹാസാമ്പത്തിക മാന്ദ്യത്തിനു ശേഷമുള്ള ഏറ്റവും ഗുരുതരമായ പ്രതിസന്ധി രൂപപ്പെടുകയും ചെയ്യുമായിരുന്നു.

**യൂറോപ്പ്.** യൂറോപ്പിലും കാര്യങ്ങൾ ഇതിലും മെച്ചമല്ല. ഊർജ്ജ പ്രതിസന്ധിമൂലം വ്യവസായവൽക്കരണത്തിന് വിരുദ്ധമായ നടപടിക്രമങ്ങളാണ് ജർമ്മനിയിൽ നടക്കുന്നത്. യുക്രെൻ യുദ്ധം, പരിസ്ഥിതി നയങ്ങൾ എന്നിവ മൂലം ആണവ നിലയങ്ങൾ അടച്ചുപൂട്ടുന്നതുകൊണ്ടാണ് ജർമ്മനിയിൽ ഊർജ്ജ പ്രതിസന്ധി ഉടലെടുത്തത്. ഇതുമൂലം യൂറോപ്യൻ യൂണിയന്റെ സാമ്പത്തിക വ്യവസ്ഥ അസ്ഥിരമാകുമെന്ന ഭീഷണി ഉയരുന്നു. ഊർജ്ജത്തിന്റെ ലഭ്യതയാണ് ജർമ്മനിയുടെ വ്യാവസായിക ശേഷിയെ ഇതുവരെ നിലനിർത്തിയത്. യൂറോപ്പിലാകമാനം ജനങ്ങൾക്ക് രാഷ്ട്രീയ നേതാക്കളിൽ പൊതുവായ ഒരു വിശ്വാസക്കുറവ് കാണുന്നു. ജീവിതച്ചെലവ് വർധിച്ചതിന്റെ പ്രതിസന്ധിയും കുടിയേറ്റത്തിന്റെ പേരിൽ തീവ്ര വലതുപക്ഷവും തീവ്ര ഇടതുപക്ഷവും തമ്മിൽ നടക്കുന്ന സംഘർഷവും യൂറോപ്പ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

ജീവിതം മെച്ചപ്പെടുത്തുമെന്നും നികുതി ഭാരം കുറയ്ക്കുമെന്നും മെച്ചപ്പെട്ട

സേവനങ്ങൾ ലഭ്യമാക്കുമെന്നും വാഗ്ദാനം ചെയ്യുന്ന രാഷ്ട്രീയക്കാർ, 2024 ബ്രിട്ടീഷ് തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ മേധാവിത്വം പുലർത്തുന്നു. എന്നാൽ, ഇതിനുവേണ്ടി ആര് പണം ചിലവിടുമെന്ന് ആരും പറയുന്നില്ല. സേവനങ്ങൾക്കുവേണ്ട പണമില്ലാതെ ഭരണസമിതികൾ വലയുന്നു. കൂടുതൽ കൂടുതൽ ജനങ്ങൾ ദാരിദ്ര്യത്തിലും കുറ്റകൃത്യങ്ങളിലും അകപ്പെടുന്നു. സമൂഹത്തിന്റെ വ്യവസ്ഥകൾ തകർന്നുവീഴാൻ തുടങ്ങുന്നു. ദൈവവും ബൈബിളും നമ്മുടെ സമൂഹത്തിൽ നിന്ന് പുറത്തായിക്കഴിഞ്ഞിരിക്കുന്നു. ധാർമ്മികമൂല്യങ്ങളെ ചവറ്റുകൊട്ടയിൽ എറിഞ്ഞിരിക്കുന്നു. തങ്ങൾ ആരാണെന്നും തങ്ങളുടെ ജീവിതത്തിന്റെ ലക്ഷ്യമെന്താണെന്നും അറിയാതെ കുട്ടികൾ ആശയകുഴപ്പത്തിലാണ്.

**റഷ്യ.** യുക്രൈനിൽ പുട്ടിൻ നടത്തുന്ന വിനാശകരമായ യുദ്ധവും പാശ്ചാത്യ ഉപരോധങ്ങളും റഷ്യൻ റൂബിളിന്റെ മൂല്യം ഇടിയാൻ കാരണമായി. അതിന്റെ മൂല്യം ഇപ്പോൾ ഒരു യുഎസ് ഡോളറിന്റെ 1/100 ആണ്. രാഷ്ട്രത്തിന്റെ 40% സമ്പത്തും യുദ്ധത്തിന് വേണ്ടി ചെലവാക്കിക്കഴിഞ്ഞു. റഷ്യയിലെ ഭരണകർത്താക്കളുടെ അഴിമതി അർത്ഥമാക്കുന്നത് യുദ്ധം ഉൾപ്പെടെ രാജ്യത്തിലെ മിക്കവാറും എല്ലാ കാര്യങ്ങളും, വളരെ മോശമായിട്ടാണ് നടക്കുന്നതെന്നാണ്. റഷ്യയുടെ ദരിദ്ര മേഖലയിൽ ജീവിക്കുന്ന ജനങ്ങൾ തകർന്നു വീഴാറായ കെട്ടിട സമുച്ചയങ്ങളിൽ ആഹാരവും പണവും ഇല്ലാതെയാണ് ജീവിക്കുന്നത്. റഷ്യയുടെ പ്രധാന സാമ്പത്തിക ഉറവിടമായ എണ്ണയുടെയും വാതകത്തിന്റെയും മൂല്യം ഇടിഞ്ഞിരിക്കുന്നു. ഗാസ്പ്രോയെപ്പോലുള്ള വലിയ കമ്പനികൾ ഇപ്പോൾ നഷ്ടത്തിലാണ്. റഷ്യ ഇപ്പോൾ ചൈനയുടെ ഒരു ഉപഭോക്തൃ രാജ്യമായി മാറികഴിഞ്ഞിരിക്കുന്നു. സാങ്കേതിക വിദ്യ, വ്യവസായം എന്നിവയുടെ കാര്യത്തിൽ അതിന്റെ എല്ലാ ആവശ്യങ്ങളും ചൈനയാണ് നടത്തികൊടുക്കുന്നത്.

**ചൈന.** ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ചൈനയുടെ ശ്രദ്ധേയമായ വികാസം, മാവോയുടെ കീഴിൽ മോശമായ ഭരണമുള്ള കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിൽ നിന്ന് ആഗോള വ്യാപാരത്തിന്റെ യന്ത്രമായി മാറിയതിന് സാക്ഷിയായി. അതിന്റെ ഫലമായി ലോകത്തിലെ രണ്ടാമത്തെ സാമ്പത്തിക ശക്തിയായി ചൈന മാറി. എന്നിരുന്നാലും, ചൈനയിൽ എല്ലാം ശുഭമല്ല. കോവിഡ് മഹാമാരിയും അടച്ചുപൂട്ടലും ചൈനയുടെ വ്യാവസായിക ഉത്പാദനത്തിൽ വലിയ ഇടിവ് വരുത്തി. സ്വത്ത് വിപണിയിൽ അവർ തെറ്റായ രീതിയിൽ നടത്തിയ നിക്ഷേപ പരമ്പരകൾ സഹസ്രകോടികളുടെ കടമുണ്ടാക്കി. ചൈനയിലെ പൗരന്മാരുടെ സമ്പാദ്യങ്ങളിൽ അത് വലിയ നഷ്ടം വരുത്തി. ഈ കമ്പനികളുടെ തകർച്ചയും, കെട്ടിട സമുച്ചയ നിർമ്മാതാക്കളും വ്യക്തികളും, തിരിച്ചടവ് മുടക്കിയതും സമ്പദ് വ്യവസ്ഥയെ വ്യാപകമായ രീതിയിൽ ബാധിക്കാനുള്ള ഭീഷണി ഉയർത്തുന്നു. തങ്ങളുടെ വലിയ ജനസംഖ്യയെ ഊട്ടുന്ന കാര്യത്തിലും ചൈന പ്രശ്നങ്ങൾ നേരിടുന്നു. ദശലക്ഷക്കണക്കിന് ജനങ്ങൾ ജീവിക്കുന്ന വടക്കൻ മേഖലയിൽ ജലവിതരണത്തിലും പ്രശ്നങ്ങളുണ്ട്. ലോകം മഹാ സാമ്പത്തിക മാന്ദ്യത്തിന്റെ സമയത്ത് അനുഭവിച്ചതിന് സമാനമായി ചൈനയുടെ സ്ഥിതി നാണ്യ ചുരുക്കത്തിന്റെ കാര്യത്തിൽ കുത്തനെ താഴോട്ട് പോവുകയാണെങ്കിൽ, ബാക്കി ലോക രാജ്യങ്ങളെ സംബന്ധിച്ച് സമാനമായ ഈ പ്രതിസന്ധി ഒഴിവാക്കുന്നത് അസാധ്യമായി മാറും.

## ആഗോള പട്ടിണിയും കാലാവസ്ഥാ പ്രതിസന്ധിയും.


ആഗോള പട്ടിണിയിൽ വൻ വർദ്ധന

വാണ് നാം കാണുന്നത്, 309 ദശലക്ഷം ജനങ്ങൾ 72 രാജ്യങ്ങളിൽ പട്ടിണി അഭിമുഖീകരിക്കുന്നു. കടുത്ത ഭക്ഷ്യ അരക്ഷിതാവസ്ഥയുടെ പ്രഥമ കാരണം സായുധ സംഘർഷമായി നിലകൊള്ളുന്നു, അതുമൂലം 135 ദശലക്ഷം ജനങ്ങൾ 20 രാജ്യങ്ങളിൽ പട്ടിണി അനുഭവിക്കുന്നു. കടുത്ത കാലാവസ്ഥ ദുരന്തങ്ങൾ 77 ദശലക്ഷം ജനങ്ങളെ ബാധിക്കുന്നു. വലിയ പ്രളയവും, കൊടുങ്കാറ്റും, വരൾച്ചയും, കാട്ടുതീയും, വിളനാശവും പകർച്ചവ്യാധികളും മൂലമുള്ള പ്രശ്നങ്ങൾ കൂടുതൽ കൂടുതൽ രാജ്യങ്ങൾ അഭിമുഖീകരിക്കുന്നു. ഇതെല്ലാം ഭക്ഷ്യ പ്രതിസന്ധിയ്ക്ക് കാരണങ്ങളാണ്.

## യുദ്ധവും സമാധാനവും

അന്ത്യകാലത്ത്, ***'യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നേ; എന്നാൽ അതു അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും'*** എന്ന് യേശു പറഞ്ഞു (മത്തായി 24:6-7). വെളിപ്പാട് പുസ്തകത്തിൽ, മഹാദുരന്തത്തിന്റെ, കുതിരപ്പുറത്തിരിക്കുന്ന നാലുപേരെപ്പറ്റി നാം വായിക്കുന്നു, അതിലെ രണ്ടാമത്തെയാൾ ചുവന്ന കുതിരയുടെ മേലാണ് ഇരിക്കുന്നത്: ***'അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു; അതിന്റെ പുറത്തു ഇരിക്കുന്നവനു മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽ നിന്നു സമാധാനം എടുത്തുകളയേണ്ടതിനു അധികാരം ലഭിച്ചു; ഒരു വലിയ വാളും അവനു കിട്ടി'*** (വെളി. 6:4).

സ്ഫോടനാത്മകമായ വിഷയങ്ങൾ യുക്രൈൻ/റഷ്യ, ചൈന/തയ്‌വാൻ, പശ്ചിമേഷ്യ (ഇതിനെപ്പറ്റി കൂടുതൽ അറിയാൻ അടുത്ത ലേഖനം വായിക്കുക) എന്നിവടങ്ങളിലുണ്ട്. 2022-ൽ, റഷ്യ യുക്രൈൻ ആക്രമിച്ചതിന് ശേഷം നടന്നുകൊണ്ടിരിക്കുന്ന യുക്രൈൻ യുദ്ധം, റഷ്യയെ നാറ്റോയുമായി സംഘർഷത്തിലാക്കി. സോവിയറ്റ് യൂണിയന്റെ കാലത്തിലെപ്പോലെ യുക്രൈനെ റഷ്യയുടെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ പുട്ടിൻ ആഗ്രഹിക്കുന്നു. അതേ സമയം, യുക്രൈൻ നാറ്റോയിലും ഈയുവിലും ചേരാൻ ആഗ്രഹിക്കുന്നു. റഷ്യ ഈ നീക്കത്തെ തങ്ങളുടെ പരമാധികാരത്തോടുള്ള വെല്ലുവിളിയായി ഏറ്റെടുക്കുന്നു.




## ഇരുമ്പും കളിമണ്ണും

586 ബിസി-ൽ, യെരൂശലേമിന്റെ പതനത്തിന് ശേഷം യെഹൂദ ജനതയെ ബാബിലോനിലേക്ക് പ്രവാസികളായി കൊണ്ടുപോയി. അവിടെ പ്രവാചകനായ ദാനിയേൽ, നെബൂഖദ്നേസറിന്റെ അരമനയിൽ ഉന്നത സ്ഥാനത്തേക്ക് ഉയർന്നുവന്നു. രാജാവ് ഒരു സ്വപ്നം കണ്ടു. തനിക്ക് അതിന്റെ വിശദാംശങ്ങൾ ഓർത്തെടുക്കാൻ കഴിഞ്ഞില്ല. എന്നിരുന്നാലും, അത് പ്രാധാന്യം അർഹിക്കുന്നതായതുകൊണ്ട് ജ്ഞാനികളായ മനുഷ്യരോട് സ്വപ്നവും അതിന്റെ അർത്ഥവും പറയാൻ രാജാവ് ആവശ്യപ്പെട്ടു. അവർക്ക് അതിനു കഴിഞ്ഞില്ല. എന്നാൽ, ദൈവം ദാനിയേലിന് അത് വെളിപ്പെടുത്തിക്കൊടുത്തതുകൊണ്ട് അവന് അതിനു കഴിഞ്ഞു:

***'രാജാവു കണ്ട ദർശനമോ: വലി***

***യൊരു ബിംബം; വലിപ്പമേറിയതും വിശേഷ ശോഭയുള്ളതുമായ ആ ബിംബം തിരുമുമ്പിൽ നിന്നു; അതിന്റെ രൂപം ഭയങ്കരമായിരുന്നു. ബിംബത്തിന്റെ തല തങ്കംകൊണ്ടും നെഞ്ചും കയ്യും വെള്ളികൊണ്ടും വയറും അരയും താമ്രം കൊണ്ടും തുട ഇരിമ്പു കൊണ്ടും കാൽ പാതി ഇരിമ്പുകൊണ്ടും പാതി കളിമണ്ണുകൊണ്ടും ആയിരുന്നു; തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു. ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാത വണ്ണം കാറ്റു അവയെ പറപ്പിച്ചു കൊണ്ടു പോയി; ബിംബത്തെ അടിച്ച കല്ലു ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു'*** (ദാനി. 2:31-45).

ബാബിലോൻ സാമ്രാജ്യത്തിനു ശേഷം വരുന്ന സാമ്രാജ്യങ്ങളെപ്പറ്റിയുള്ള ദൈവത്തിന്റെ വെളിപ്പാടാണ് ഈ സ്വപ്നത്തിലുള്ളത്. സ്വർണ്ണം കൊണ്ടുള്ള തല ബാബിലോനാണ്. വെള്ളി കൊണ്ടുള്ള നെഞ്ചും കയ്യും മേദ്യ പാർസ്യയാണ്. താമ്രംകൊണ്ടുള്ള വയറും അരയും ഗ്രീസാണ്. ഇരിമ്പു കൊണ്ടുള്ള തുട റോമാണ്. ഈ നാലു സാമ്രാജ്യങ്ങൾ ഒന്നിനു പിറകെ ഒന്നായി വന്നു. അവർക്ക് ഓരോരുത്തർക്കും യെഹൂദ ജനതയുടെയും യിസ്രായേൽ ദേശത്തിന്റെയുംമേൽ ആധിപത്യമുണ്ടായിരുന്നു.

ഈ നാലു സാമ്രാജ്യങ്ങൾ പുരാതന ചരിത്രത്തിന്റെ ഭാഗമാണ്, എന്നാൽ ലോകം, പാതി ഇരിമ്പും പാതി കളിമണ്ണും പ്രതിനിധാനം ചെയ്യുന്ന അവസാന ഘട്ടത്തിൽ എത്തുന്നതുവരെ, ബാബിലോനിൽ നിന്നുവന്ന, അവയ്ക്കു പിന്നിൽ പ്രവർത്തിക്കുന്ന ആത്മാവ്, ഏതെങ്കിലും രൂപത്തിൽ തുടരുമെന്ന സൂചനയുണ്ട്. ബിംബത്തെ അടിച്ച കല്ല് യേശുമശിഹായുടെ രണ്ടാമത്തെ വരവാണ്. അപ്പോൾ അവിടുന്ന് ബാബിലോന്യ ലോകസംവിധാനം തകർക്കുകയും ദൃശ്യമായ ദൈവരാജ്യം ലോകത്തിൽ സ്ഥാപിക്കുകയും ചെയ്യും. ഇതിനെപ്പറ്റി കൂടുതൽ അറിയാൻ, പേജ് 19-ലെ 'ദൈവം തീർച്ചയായും ഭൂമിയിൽ വാഴുമോ?' എന്ന ലേഖനം വായിക്കുക.

ഇരുമ്പുകൊണ്ടുള്ള കാലും കളിമണ്ണ് കൊണ്ടുള്ള പാദവും നമ്മുടെ ഇപ്രാവശ്യത്തെ പഠനത്തിൽ പ്രസക്തമാണ്. സ്വപ്നത്തിന്റെ വ്യാഖ്യാനത്തിൽ ഇങ്ങനെ പറയുന്നു, ***'അതു ഒരു ഭിന്നരാജത്വം ആയിരിക്കും; എങ്കിലും ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതുപോലെ അതിൽ ഇരിമ്പിന്നുള്ള ബലം കുറെ ഉണ്ടായിരിക്കും. കാൽവിരൽ പാതി ഇരിമ്പും പാതി കളിമണ്ണുംകൊണ്ടു ആയിരുന്നതുപോലെ രാജത്വം ഒട്ടു ബലമുള്ളതും ഒട്ടു ഉടഞ്ഞുപോകുന്നതും ആയിരിക്കും. ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതിന്റെ താല്പര്യമോ: അവർ മനുഷ്യ ബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും ഇരിമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതുപോലെ അവർ തമ്മിൽ ചേരുകയില്ല'*** (ദാനി. 2:41-43).

**ഇരുമ്പു കൊണ്ടുള്ള കാലുകൾ** റോമാ സാമ്രാജ്യത്തെ പ്രതിനിധീകരിക്കുന്നു. മശിഹായുടെ ആദ്യത്തെ വരവിന്റെ സമയത്ത്, യെഹൂദ്യയും യെരൂശലേമും ഉൾപ്പടെ, അറിയപ്പെടുന്ന ലോകത്തിന്റെ ഭൂരിഭാഗവും അവർ വാണു. ബിംബത്തിന്റെ രണ്ടു കാലുകൾ പ്രാധാന്യമർഹിക്കുന്നു, കാരണം, അതിന്റെ പിന്നീടുള്ള ഘട്ടത്തിൽ റോമാ സാമ്രാജ്യം വിഭജിക്കപ്പെട്ടു, കിഴക്കും പടിഞ്ഞാറുമുള്ള സാമ്രാജ്യങ്ങൾ, അവയുടെ അധികാര കേന്ദ്രങ്ങൾ റോമും കോൺസ്റ്റാന്റിനോപ്പിളുമായിരുന്നു (ആധുനിക ഇസ്

താംബുൾ). ഈ കിഴക്ക് പടിഞ്ഞാറ് ഭിന്നിപ്പ്, പടിഞ്ഞാറൻ റോമാ സാമ്രാജ്യം 476-ൽ തകർന്നതിനുശേഷവും തുടർന്നു. അങ്ങനെ ക്രൈസ്തവ വിശ്വാസത്തിന്റെ രണ്ടു വകഭേദങ്ങൾ ഉടലെടുത്തു. ഒന്നാമത്തേത് പടിഞ്ഞാറു ഭാഗത്തെ, റോം ആസ്ഥാനമാക്കിയുള്ള റോമൻ കത്തോലിക്കാ വിശ്വാസവും, രണ്ടാമത്തേത്, കിഴക്കു ഭാഗത്തെ കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമാക്കിയുള്ള പൗരസ്ത്യ ഓർത്തഡോക്സ് വിശ്വാസവും. കിഴക്കുഭാഗത്തെ ബൈസാന്റിയൻ സാമ്രാജ്യം, 638-ലെ മുസ്ലിം അധിനിവേശം വരെ യെരൂശലേമും ആ പ്രദേശങ്ങളും ഭരിച്ചു. അവസാനം, മുസ്ലിം തുർക്കികൾ, 1453-ൽ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്ത് അതിനെ ഇസ്താംബുൾ എന്ന് നാമകരണം ചെയ്തു. അങ്ങനെ ബൈസാന്റിയൻ സാമ്രാജ്യത്തിന്റെ ഇസ്ലാമികവൽക്കരണം പൂർത്തിയായി.

ഈ രണ്ടു സഭാ സംവിധാനങ്ങളും, ഒന്നാം നൂറ്റാണ്ടിൽ യേശുവിന്റെ അപ്പൊസ്തലന്മാർ പഠിപ്പിച്ച ക്രിസ്തുവിശ്വാസത്തിന്റെ ആദിമ രൂപത്തിനോട് വിടപറഞ്ഞു. അവർ വിശ്വാസത്യാഗികളായ സഭകളായി മാറിയിട്ട്, യഥാർത്ഥ ക്രിസ്തു വിശ്വാസികളെയും യെഹൂദന്മാരെയും പീഡിപ്പിച്ചു. 1517-ൽ നവീകരണം തുടങ്ങുന്നത് വരെ അവർ ബൈബിളിന്റെ സന്ദേശത്തെ അടിച്ചമർത്തി. ഇസ്ലാമും ലോകത്തിലെ പ്രഥമ മതങ്ങളിൽ ഒന്നായി മാറി. അവർ ക്രൈസ്തവ വിശ്വാസത്തിന് വെല്ലുവിളി ഉയർത്തുകയും, ബൈബിളിലെ ഒരു കൂട്ടം അടിസ്ഥാന ഉപദേശങ്ങൾ തിരസ്കരിക്കുകയും ചെയ്തു. ഇതിനെപ്പറ്റി കൂടുതൽ അറിയാൻ തക്കവണ്ണം, ഞങ്ങൾ ചെറുപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചരിത്രപരമായ പാശ്ചാത്യ പൗരസ്ത്യ വിടവ് ചില രൂപത്തിൽ ചരിത്രത്തിൽ തുടർന്നുപോന്നു. രണ്ടാം ലോക മഹായുദ്ധത്തിന്ശേഷം, കമ്മ്യൂണിസം കിഴക്കും ജനാധിപത്യത്തിന്റെ ഒരു രൂപം പടിഞ്ഞാറും യൂറോപ്പിനെ വിഭജിച്ചു. യൂറോപ്പിൽ എമ്പാടും ഉണ്ടായിരുന്ന ഇരുമ്പുമറ അവരെ വിഭജിച്ചു. 1989-ൽ കമ്മ്യൂണിസത്തിന്റെ പതനത്തിന് ശേഷം, കിഴക്കൻ യൂറോപ്പിലെ പോളണ്ട് മുതൽ ബൾഗേറിയ വരെയുള്ള രാജ്യങ്ങൾ റഷ്യയുടെ സ്വാധീനത്തിൽ നിന്ന് ഈയു, നാറ്റോ വശത്തേക്ക് മാറി, അവരുടെ ഭാഗമായി. 1991-ൽ സോവിയറ്റ് യൂണിയൻ തകർന്നപ്പോൾ ബാൾട്ടിക് രാജ്യങ്ങൾ മോസ്കോയിൽ നിന്ന് വിഘടിച്ച് ഈയുവിൽ ചേർന്നു. കുറച്ചു കാലത്തേക്ക്, റഷ്യയ്ക്കും പാശ്ചാത്യ സഖ്യത്തിൽ ചേരാനുള്ള സാധ്യതയുണ്ടായിരുന്നു. നാറ്റോ അംഗത്വം പോലും അവർ ലക്ഷ്യമിട്ടിരുന്നു.

വ്ളാദ്മിർ പുട്ടിൻ ഇപ്പോൾ അതെല്ലാം മാറ്റിമറിച്ചു. യുക്രൈനിലെ യുദ്ധത്തെ ചൊല്ലി റഷ്യയും പാശ്ചാത്യരാജ്യങ്ങളും പരസ്പരം വെല്ലുവിളിക്കുന്നതു കൊണ്ട് കിഴക്കിനും പടിഞ്ഞാറിനും ഇടയിലുള്ള വിടവ് ഇപ്പോൾ ആവർത്തിച്ചിരിക്കുകയാണ്. പഴയ സോവിയറ്റ് യൂണിയന്റെ അധികാരം പുനഃസ്ഥാപിക്കാനും ഏകധ്രുവ ക്രമത്തിൽ നിന്ന് ബഹുധ്രുവ ക്രമത്തിലേക്ക് ലോകത്തെ നയിക്കാനും പുട്ടിൻ ആഗ്രഹിക്കുന്നു. ദാനിയേൽ രണ്ടിലെ ബിംബത്തിന്റെ രണ്ടു കാലുകൾ പോലെ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ഭിന്നിപ്പ് വീണ്ടും നാം കാണുന്നു.

**ഇരുമ്പും കളിമണ്ണും.** ഇരിമ്പും കളിമണ്ണും 'ഒട്ടു ബലമുള്ളതും ഒട്ടു ഉടഞ്ഞു പോകുന്നതും' ആയിരിക്കുമെന്നും 'അവർ മനുഷ്യബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും ഇരിമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതുപോലെ അവർ തമ്മിൽ ചേരുകയില്ലെന്നും' ദാനിയേൽ 2:41-43 വരെ നാം വായിക്കുന്നു. പാശ്ചാത്യപൗരസ്ത്യ വിടവിന്റെ ചിത്രമാണിത്. ഇരിമ്പ് പ്രതിനിധാനം

ചെയ്യുന്നത് റഷ്യയിലും ചൈനയിലുമുള്ള നിയന്ത്രിക്കപ്പെട്ട സമൂഹങ്ങളെയാണ്. അതേസമയം, കളിമണ്ണ് പ്രതിനിധീകരിക്കുന്നത് പാശ്ചാത്യ ജനാധിപത്യങ്ങളെയാണ്. ഇവ രണ്ടും ഒരുപോലെ ബലമുള്ളതും ഉടഞ്ഞുപോകുന്നതുമാകുന്നു. രണ്ടുകൂട്ടരും വർധിച്ചുവരുന്നതോതിൽ ക്രിസ്തു വിരുദ്ധരാണ്. മാത്രമല്ല, സാമ്പത്തിക തകർച്ചയുടെയോ യുദ്ധത്തിന്റെയോ രൂപത്തിൽ പ്രതിസന്ധിയുണ്ടാകുമ്പോൾ ഒരു പൊട്ടിത്തെറിയുടെ അപകടസാധ്യതയും അവരിൽ കാണുന്നു. ഇരുമ്പും കളിമണ്ണും ഒരുമിച്ചു ചേരുകയില്ല. എന്നാൽ, ഒരൊറ്റ ലോക സാമ്പത്തിക സംവിധാനത്തിൽ ഒരുമിച്ചുപോകാൻ അവർ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. ഇപ്പോഴത്തെ ലോക സംവിധാനത്തിൽ, അവർ തെറ്റിപ്പിരിഞ്ഞിട്ട് പരസ്പരം നശിപ്പിക്കാനുള്ള അപകട സാധ്യതയും കാണുന്നു.

## അതുകൊണ്ട്, നമുക്ക് ആരെങ്കിലും സമാധാനം വാഗ്ദാനം ചെയ്യുന്നുണ്ടോ?

**ഐക്യരാഷ്ട്ര സഭ** 'ഗ്രഹവിഷയ അടിയന്തരാവസ്ഥയുടെ' സാഹചര്യം പ്രഖ്യാപിച്ചുകഴിഞ്ഞു. കാലാവസ്ഥ വ്യതിയാനം, യുദ്ധം, സാമ്പത്തിക പ്രതിസന്ധി എന്നിവയിൽ നിന്ന് ലോകത്തെ രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ ഈ പ്രതിസന്ധിയെപ്പറ്റി ചർച്ച ചെയ്യാൻ ഐക്യരാഷ്ട്ര സഭ 2024 സെപ്റ്റംബറിൽ ഒരു ഉച്ചകോടി ആസൂത്രണം ചെയ്യുന്നു. ഈ 'ഭാവി ഉച്ചകോടിയുടെ' ഒരു പ്രത്യേകത, ആഗോള അംഗുലീ (digital) ഉടമ്പടിയ്ക്കുവേണ്ടിയും അന്താരാഷ്ട്ര സാമ്പത്തിക രൂപകൽപനയുടെ പരിഷ്കാരങ്ങൾക്കു വേണ്ടിയുള്ള നിർദ്ദേശങ്ങളാണ്. (ലോക സാമ്പത്തിക സംവിധാനം)

ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യങ്ങളായ ചൈനയും ഇന്ത്യയും അംഗുലീ (digital)തിരിച്ചറിയൽ സംവിധാനം ഇതിനോടകം നടപ്പാക്കിക്കഴിഞ്ഞു. ഇത് ഏകാധിപത്യമായി പരിണമിക്കുമോ എന്ന് ചിലർ ആശങ്ക പ്രകടിപ്പിച്ചിട്ടുണ്ട്. പണ വിതരണവും ജനങ്ങൾക്ക് അതുപയോഗിക്കാനുള്ള കഴിവും നിയന്ത്രിക്കുന്നതിലൂടെ മനുഷ്യാവകാശങ്ങൾ ദുർബ്ബലമാക്കാൻ അത് സാമൂഹിക ക്രെഡിറ്റ് സംവിധാനത്തെയും കേന്ദ്ര അംഗുലീബാങ്ക് നാണയത്തെയും(CBDC)ഉപയോഗിക്കും. ഇത് ചൈനയിൽ ഇതിനകം സംഭവിച്ചുകൊണ്ടിരിക്കുന്നു. അത് പൂർണ്ണമായും പ്രവർത്തനക്ഷമമാകുമ്പോൾ ഒരു യജമാനന്റെ ആജ്ഞകൾ നിങ്ങളെ അനുസരിപ്പിക്കാൻ പാകത്തിൽ അതിനെ സംവിധാനം ചെയ്യാനാകും. ഈ യജമാനനായിരിക്കും നിങ്ങൾക്ക് ദിവസം പ്രതിയുള്ള ആഹാരം അനുവദിക്കുന്നത്. മഹാമാരിയുടെ സമയത്ത് ചെയ്തതുപോലെ അധികാരത്തിൽ ഇരിക്കുന്നവർക്ക് ഒരു 'ഗ്രഹവിഷയ അടിയന്തരാവസ്ഥ' പ്രഖ്യാപിക്കാൻ കഴിയും. ലോകത്തെ ദുരന്തത്തിൽ നിന്ന് രക്ഷിക്കാൻ അവർ നിങ്ങളുടെ സ്വാതന്ത്ര്യം എടുത്തുകളയും. ഈ കാര്യത്തിൽ, ഇരിമ്പും കളിമണ്ണും ഒരുമിച്ചുവന്ന് അന്ത്യകാല സ്വേച്ഛാധിപത്യം കൊണ്ടുവരും.

## പത്തു രാജാക്കന്മാർ

ദാനിയേൽ രണ്ടിലെ ബിംബത്തിന്റെ കാലുകളിൽ പത്തു വിരലുകളുണ്ട്. ദാനിയേൽ ഏഴിലെയും വെളിപ്പാട് 13-ലെയും മൃഗത്തിന് പത്തു കൊമ്പുകളുമുണ്ട്:

***'നീ കണ്ട പത്തു കൊമ്പു പത്തു രാജാക്കന്മാർ; അവർ ഇതുവരെ രാജത്വം പ്രാപിച്ചിട്ടില്ല; മൃഗത്തോടു ഒന്നിച്ചു ഒരു നാഴിക നേരത്തേക്കു രാജാക്കന്മാരേപ്പോലെ അധികാരം പ്രാപിക്കും താനും. ഇവർ ഒരേ അഭിപ്രായമുള്ളവർ; തങ്ങളുടെ ശക്തിയും അധികാരവും മൃഗത്തിനു ഏല്പിച്ചു***

***കൊടുക്കുന്നു. അവർ കുഞ്ഞാടിനോടുപോരാടും; താൻ കർത്താധികർത്താവും രാജാധിരാജാവും ആക കൊണ്ടു കുഞ്ഞാടു തന്നോടുകൂടെയുള്ള വിളിക്കപ്പെട്ടവരും തെരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമായി അവരെ ജയിക്കും'*** (വെളിപ്പാട് 17:12 –14).

ആരാണ് ഈ പത്തു രാജാക്കന്മാർ? ഈ ചോദ്യത്തിന് നിരവധി ഉത്തരങ്ങളുണ്ട്. അതിൽ ഒരെണ്ണം ആദിമ സഭയുടെ വീക്ഷണമാണ്; റോമാ സാമ്രാജ്യം താഴെ വീണിട്ട് പത്തു രാജ്യങ്ങളായി വിഭജിക്കപ്പെടുമെന്നും അതിൽ നിന്ന് ക്രിസ്തു ഉയർന്നുവരികയും അതിനു ശേഷം യേശു ക്രിസ്തു മടങ്ങി വരികയും ചെയ്യും. അടുത്ത കാലത്ത്, ക്ലബ്ഓഫ് റോം എന്ന ആഗോളവാദ സംഘടന ലോകത്തെ പത്തു മേഖലകളായി തിരിക്കുകയും അതിൽനിന്ന് ഒരു ആഗോള ഭരണകൂടം ഉദയം ചെയ്യുമെന്ന് ആശിക്കുകയും ചെയ്തു. ഈ പത്ത് രാജാക്കന്മാർ ആരായിരുന്നാലും അന്ത്യകാലത്തിൽ അനിവാര്യമായ ദുരന്തത്തിൽനിന്ന് ലോകത്തെ രക്ഷിക്കാൻ ആഗോള ശക്തികൾ ഏതെങ്കിലും തരത്തിൽ ഒരുമിച്ചുവരുന്ന സാഹചര്യമുണ്ടാകുമെന്ന് രേഖാമൂലം പറയുന്നു. അപ്പോൾ പത്തു പ്രമുഖ നേതാക്കന്മാർ അല്ലെങ്കിൽ രാഷ്ട്രങ്ങൾ ഒരു പരിഹാരം നിർദ്ദേശിക്കുന്നതിനു വേണ്ടി ഒരുമിച്ചു വരികയും തങ്ങളുടെ അധികാരം മൃഗത്തിന് അല്ലെങ്കിൽ എതിർക്രിസ്തുവിന് കൈമാറുകയും ചെയ്യും.

ഈ ലേഖനത്തിന്റെ തുടക്കത്തിൽ പറഞ്ഞതുപോലെ, ഇതിൽ എല്ലാറ്റിന്റെയും പിന്നിൽ പുരാതന സാമ്രാജ്യങ്ങളെ ഭരിച്ച 'ബാബിലോൻ' ആത്മാവാണെന്ന് നാം കാണുന്നു. അത്യന്തികമായ അധികാരത്തിന്റെ കേന്ദ്രം യേശു ക്രിസ്തു സൂചിപ്പിച്ച ലോകത്തിന്റെ പ്രഭുവാണ്, പിശാച് (യോഹ.12:31). പിശാച്, എതിർ ക്രിസ്തുവിന് അധികാരം കൊടുക്കുന്നതും ലോക സംവിധാനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നതും എങ്ങനെയാണെന്ന് വെളിപ്പാട് 13-ൽ നാം വായിക്കുന്നു. അവൻ തനിക്കുതന്നെ ദൈവ തുല്യപദവി ചാർത്തുകയും തന്നെ ആരാധിക്കാൻ ആവശ്യപ്പെടുകയും ചെയ്യും. എതിർത്തുനിൽക്കുന്നവരെ അവൻ പീഡിപ്പിക്കും. അവൻ ഒരു സാമ്പത്തിക സംവിധാനം സജ്ജമാക്കും. അതിൽ നിങ്ങൾക്ക് മൃഗത്തിന്റെ മുദ്രയില്ലാതെ വിൽക്കാനോ വാങ്ങാനോ കഴിയില്ല: ***"അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്‌വാൻ വഹിയാതെയും ആക്കുന്നു. ഇവിടെ ജ്ഞാനംകൊണ്ടു ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ: അതു ഒരു മനുഷ്യന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറു"*** (വെളി. 13:16–18).

## രണ്ടാം വരവുമായുള്ള ബന്ധം

യേശുക്രിസ്തു ഭൂമിയിൽ രണ്ടാമത് വരുന്നതിന്റെ മുൻപുള്ള ദിനങ്ങളിൽ, മഹോപദ്രവത്തിന്റെ ഏഴു വർഷ കാലയളവിലാണ് ഇതെല്ലാം സംഭവിക്കാൻ പോകുന്നത്. ദാനിയേൽ ഏഴാം അധ്യായത്തിൽ, വരുവാനുള്ളതിനെപ്പറ്റി പ്രവാചകൻ ദർശനം കാണുന്നു. ഈ അധ്യായത്തിൽ, മൃഗങ്ങളുടെ ഒരു പരമ്പര, സിംഹം, കരടി, പുള്ളിപ്പുലി, 'ഘോരവും ഭയങ്കരവും അതിബലവും' ഉള്ള നാലാമതൊരു മൃഗം എന്നിവയെ നാം കാണുന്നു. രണ്ടാം അധ്യായത്തിൽ കണ്ടതുപോലെ, ഇവ സാമ്രാജ്യങ്ങളുടെ അതേ പരമ്പരയെ പ്രതിനിധീകരിക്കുന്നു, ബാബിലോൻ, പേർഷ്യ, ഗ്രീസ്, റോം. നാലാമത്തെ മൃഗത്തിന്

പത്തു കൊമ്പുകൾ ഉണ്ടായിരുന്നു, ഈ പത്തു കൊമ്പുകൾക്കിടയിൽ നിന്ന് '*മറ്റൊരു ചെറിയ കൊമ്പു മുളെച്ചുവന്നു; അതിനാൽ മുമ്പിലത്തെ കൊമ്പുകളിൽ മൂന്നു വേരോടെ പറിഞ്ഞുപോയി; ഈ കൊമ്പിൽ മനുഷ്യന്റെ കണ്ണുപോലെ കണ്ണും വമ്പു പറയുന്ന വായും ഉണ്ടായിരുന്നു'* (ദാനി. 7:8).

ഈ ചെറിയ കൊമ്പ് വെളിപ്പാടിലെ എതിർക്രിസ്തു അല്ലെങ്കിൽ മൃഗമാണ്. അന്ത്യകാലത്ത്, മഹോപദ്രവ കാലയളവിൽ ദൈവത്തിന്റെ ശത്രുവായി, സാത്താന്റെ മൂർത്തീകരണമായി അവൻ ഉദയം ചെയ്യും. വെളിപ്പാട് 13:1-4 വരെ അവനെപ്പറ്റി വിവരിക്കുന്നു:

*'അപ്പോൾ പത്തു കൊമ്പും ഏഴു തലയും കൊമ്പുകളിൽ പത്തു രാജമുടിയും തലയിൽ ദൂഷണനാമങ്ങളും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കയറുന്നതു ഞാൻ കണ്ടു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും അതിന്റെ കാൽ കരടിയുടെ കാൽ പോലെയും വായ് സിംഹത്തിന്റെ വായ് പോലെയും ആയിരുന്നു. അതിനു മഹാസർപ്പം തന്റെ ശക്തിയും സിംഹാസനവും വലിയ അധികാരവും കൊടുത്തു. അതിന്റെ തലകളിൽ ഒന്നു മരണകരമായ മുറിവേറ്റതു പോലെ ഞാൻ കണ്ടു; അതിന്റെ മരണകരമായ മുറിവു പൊറുത്തു പോയി; സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു. മൃഗത്തിനു അധികാരം കൊടുത്തതുകൊണ്ടു അവർ മഹാസർപ്പത്തെ നമസ്കരിച്ചു: മൃഗത്തോടു തുല്യൻ ആർ? അതിനോടു പൊരുതുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു മൃഗത്തെയും നമസ്കരിച്ചു.'*

യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിങ്കൽ അവന്റെ അധികാരത്തിന് അന്തമുണ്ടാകും (ദാനി. 7:13-14, മത്താ. 24, വെളി.19). *'അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകലഗോത്രങ്ങളും പ്രലാപിച്ചുംകൊണ്ടു, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും'* (മത്താ. 24:30).

മഹത്തായ ബാബിലോൻ, റോമാ സാമ്രാജ്യങ്ങളെപ്പോലെ അവന്റെ സാമ്രാജ്യം ഒഴിഞ്ഞുപോവുകയില്ല(ദാനി. 7:14). കർത്താവിനെ സേവിക്കുന്ന എല്ലാവർക്കും അത് നീങ്ങിപ്പോകാത്ത നിത്യാധിപത്യമായിരിക്കും. ഇതിന്റെ എല്ലാം ഫലമായി രണ്ടു കാര്യങ്ങൾ സംഭവിക്കാൻ പോവുകയാണ്.

1. ഏറെ പ്രക്ഷുബ്ധമായ ഒരു സമയം വരാൻ പോവുകയാണ്. അത് നമ്മുടെ ഇന്നത്തെ സാമ്പത്തിക, രാഷ്ട്രീയ സംവിധാനങ്ങളുടെ സ്വഭാവം പാടേ മാറ്റും.

2. ദൈവം നമുക്ക് കാക്കാൻ തന്ന ഭൂമിയിൽ മനുഷ്യർ വരുത്തിവെച്ച കുഴപ്പങ്ങൾ നേരെയാക്കാൻ മശിഹായായ യേശു വീണ്ടും വരാൻ പോവുകയാണ്. തകർന്നു വീഴാത്ത രാജ്യം അവിടുന്നു സ്ഥാപിക്കും. അത് എല്ലാ വിശ്വാസികൾക്കും സമാധാനവും സുരക്ഷയും പ്രദാനം ചെയ്യും (യെശ. 2:1-4,വെളി. 19-20)

വരാൻ പോകുന്ന ദൈവരാജ്യത്തിൽ നിങ്ങൾക്കും ഒരു സ്ഥാനമുണ്ടെന്ന് ഉറപ്പാക്കുക. *

## വരിസംഖ്യ

ഈ പ്രസിദ്ധീകരണത്തിന് വരിസംഖ്യ നിശ്ചയിച്ചിട്ടില്ല. സ്വമേധാദാനങ്ങൾ സ്വീകരിക്കും.

## ലഘുലേഖകൾ

മലയാളം, തമിഴ്, ഹിന്ദി, തെലുങ്ക്, കന്നഡ, ഗുജറാത്തി, മറാത്തി, ആസ്സാ മീസ്, ഉർദ്ദു, ബംഗാളി ഇംഗ്ലീഷ്, നേപ്പാളി, പഞ്ചാബി എന്നീ ഭാഷകളിൽ ലഘുലേഖകൾ ലഭ്യമാണ്. ആവശ്യക്കാർ 9207976381 എന്ന നമ്പരിൽ വിളിക്കുക.

# അവർക്ക് യിസ്രായേലിനെ നശിപ്പിക്കണം.... ദൈവത്തിന് യിസ്രായേലിനെ രക്ഷിക്കണം.



**ആധുനിക ടെൽ അവീവ് നഗരം**

**1948** - ൽ യെഹൂദ രാഷ്ട്രം സ്ഥാപിതമായതിനുശേഷം ഒരിക്കൽ തരിശായിരുന്ന പ്രദേശത്ത് വന്ന മാറ്റങ്ങൾ കണ്ട് യിസ്രായേൽ സന്ദർശകർ അത്ഭുതം കൂറും. ആധുനിക നഗരങ്ങളും, സാങ്കേതിക വിദ്യയിലും വൈദ്യശാസ്ത്രത്തിലും കൃഷിയിലും കൈവരിച്ച വലിയ മുന്നേറ്റവും മരുഭൂമിയെ മലർവാടിയാക്കി. ലോകമെമ്പാടുമുള്ള യെഹൂദർ ബൈബിൾ പ്രവചനമനുസരിച്ച് അവരുടെ പുരാതന മാതൃഭൂമിയിൽ വീണ്ടും ഒരുമിച്ചുകൂടി. യിസ്രായേലി അറബികൾക്ക് രാജ്യത്തിന്റെ പൗരന്മാർ എന്ന നിലയിൽ പൂർണ്ണമായ അവകാശങ്ങളുണ്ട്. യെഹൂദ ജനതയോടൊപ്പം സമാധാനത്തോടെ ജീവിക്കാൻ ആഗ്രഹിച്ചവർക്ക് പശ്ചിമേഷ്യയിലെ ഒരേയൊരു ജനാധിപത്യ രാജ്യത്തിൽ ജീവിക്കാനുള്ള ഭാഗ്യം ലഭിച്ചു. ടെൽ അവീവിലെ ഒരു ഹോട്ടലിൽ താമസിച്ച ഞങ്ങളെപ്പോലെ, യിസ്രായേൽ സന്ദർശിക്കുന്നവർ കെട്ടിടങ്ങൾക്ക് തൊട്ടടുത്തുള്ള ബോംബ് ഒളിവിടം കണ്ട് ഞെട്ടും, ഗാസ, ലെബനൻ, അല്ലെങ്കിൽ ഇറാൻ എന്നിവിടങ്ങളിൽ നിന്നുള്ള മിസൈൽ ആക്രമണം ഉണ്ടാകുന്ന പക്ഷം ഈ ബോംബ് ഒളിവു സദനം സുരക്ഷയൊരുക്കും.

യിസ്രായേലിനെ നശിപ്പിക്കാൻ കച്ചകെട്ടിയിരിക്കുന്ന നിരവധി പേരുണ്ട്. ഓരോ ദിവസവും സ്ഥിതിഗതികൾ കൂടുതൽ ഗുരുതരമാവുകയാണ്.

ഒക്ടോബർ 7-ന് ഹമാസ് തീവ്രവാദികൾ യിസ്രായേലിൽ കടന്ന് പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും കൊലപ്പെടുത്തുകയും അതിഹീനമായ രീതിയിൽ ബലാത്സംഗവും ക്രൂരമായ പ്രവൃത്തികളും ചെയ്ത് 251 പേരെ ബന്ദികളാക്കി ഗാസയിലേക്ക് കൊണ്ടുപോവുകയും ചെയ്തു. അതിന്റെ പ്രതികരണമെന്നോണം, ഹമാസിനെ ഇല്ലാതാക്കി ബന്ദികളുടെ മോചനം ലക്ഷ്യമിട്ട് ഗാസയിൽ യിസ്രായേൽ യുദ്ധം ചെയ്തു. അതിന്റെ ഫലമായി, ഗാസയിൽ മരണസംഖ്യ ഉയരുകയും തുടക്കത്തിലെ ആക്രമണത്തിന്ശേഷം

ലോകത്തിലെ പൊതുജനങ്ങളിൽ നിന്ന് യിസ്രായേലിന് കിട്ടിയ സഹതാപം അപ്രത്യക്ഷമാവുകയും ചെയ്തു. യിസ്രായേൽ വംശഹത്യ നടത്തുകയാണെന്ന ആരോപണമുയർന്നു. ഐക്യരാഷ്ട്ര സഭയും അന്താരാഷ്ട്ര ക്രിമിനൽ കോടതിയും യിസ്രായേലിനെതിരെ നടപടി എടുക്കുകയും യിസ്രായേൽ പ്രധാനമന്ത്രി നെതന്യാഹുവിനെ യുദ്ധ കുറ്റവാളിയായി ചിത്രീകരിക്കുകയും ചെയ്തു.

ഗാസയിലെ ജനങ്ങളുടെ യാതനഞങ്ങൾ മനസ്സിലാക്കുകയും അവരോട് സഹതപിക്കുകയും ചെയ്യുന്നു. എന്നാൽ, അവരുടെ ദുരവസ്ഥയുടെ ഉത്തരവാദിത്വം ഹമാസിനാണ്. അവരാണ് ഒക്ടോബർ 7-ന് അതിക്രൂരമായ ആക്രമണം നടത്തി യുദ്ധം തുടങ്ങിവച്ചത്. ഇറാന്റെ സഹായത്തോടെ അതുപോലുള്ള ആക്രമണങ്ങൾ തുടരാൻ ഹമാസ് ആഗ്രഹിക്കുന്നു. തങ്ങളെ നശിപ്പിക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് സ്വയം സംരക്ഷിക്കാൻ യിസ്രായേലിന് അവകാശമുണ്ട്. 1948-ലെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള യുദ്ധത്തിലും 1967-ലെ ആറു ദിവസ യുദ്ധത്തിലും 1973-ലെ യോംകിപ്പൂർ യുദ്ധത്തിലും അറബ് സൈന്യം യിസ്രായേലിനെ ഇല്ലാതാക്കാൻ ആവർത്തിച്ച് ശ്രമിച്ചു. ഓരോ പ്രാവശ്യവും തിരിച്ചടി നൽകി ശത്രുക്കളെ പരാജയപ്പെടുത്തി യിസ്രായേൽ കൂടുതൽ ശക്തമായി.

## യുദ്ധത്തിന്റെ പദ്ധതികൾ

ഇതെഴുതുന്ന സമയത്ത് യിസ്രായേൽ സൈന്യം ഫിലദൽഫിയ ഇടനാഴി ഉൾപ്പെടെ ഗാസയുടെ 90% പ്രദേശങ്ങളും തിരിച്ചുപിടിച്ചുകഴിഞ്ഞു. ഫിലദൽഫിയ ഇടനാഴി, ഈജിപ്റ്റുമായി അതിർത്തി പങ്കിടുന്ന 12 കിലോമീറ്റർ നീളമുള്ള പ്രദേശമാണ്. അവിടെ ഗാസയെയും ഈജിപ്റ്റിനെയും ബന്ധിപ്പിക്കുന്ന 40 തുരങ്കങ്ങൾ യിസ്രായേൽ സൈന്യം കണ്ടെത്തി. അവർ കണ്ടെത്തിയ വിപുലമായ ഒരു തുരങ്ക സംവിധാനത്തിന് ഏകദേശം 450 കിലോമീറ്റർ നീളമുണ്ട്. യിസ്രായേലിനെ ആക്രമിക്കാനുള്ള ആരംഭസ്ഥാനമായി ഹമാസ് ഈ തുരങ്കങ്ങളെ ഉപയോഗിക്കുന്നു. യിസ്രായേലിലേക്ക് തൊടുത്തുവിടുന്ന മിസൈലുകൾ നിർമ്മിക്കുകയും ശേഖരിക്കുകയും ചെയ്യുന്നത് ഇവിടെയാണ്. അവ മിക്കതും വിദ്യാലയങ്ങൾ, ആശുപത്രികൾ, മോസ്കുകൾ, പാർപ്പിട സമുച്ചയങ്ങൾ എന്നിവയുടെ സമീപത്തോ അവയ്ക്ക് അടിയിലോ ആണ് സ്ഥിതി ചെയ്യുന്നത്. അതിന്റെ അർത്ഥം, യിസ്രായേൽ ഈ സംവിധാനം നശിപ്പിക്കാൻ ശ്രമിക്കുമ്പോൾ ഹമാസ് മനഃപൂർവ്വം അവരുടെ പൗരന്മാരെ അപകടപ്പെടുത്തുകയാണെന്നാണ്.

യിസ്രായേലിനെ നശിപ്പിക്കാനുള്ള തങ്ങളുടെ താല്പര്യം ഹമാസ് രഹസ്യമാക്കി വയ്ക്കുന്നില്ല. ഹമാസിന്റെ പ്രമാണപത്രം പറയുന്നു, ***'ഇസ്ലാം മറ്റുള്ളവരെ തുടച്ചുനീക്കിയത് പോലെ അത് യിസ്രായേലിനെ തുടച്ചുനീക്കുന്നതുവരെ മാത്രമേ യിസ്രായേൽ നിലനിൽക്കുകയുള്ളൂ.'*** ഇറാന്റെ നിഴൽ സംഘങ്ങളുടെ ശൃംഖലയുടെ ഒരു ഭാഗമാണ് ഹമാസ്. അവരുടെ നിലനിൽപ്പിന്റെ ലക്ഷ്യം തന്നെ യിസ്രായേലിന്റെ നാശമാണ്. യെഹൂദ രാഷ്ട്രത്തിന്റെ ഉന്മൂലനത്തിനായി ഇറാൻ പരസ്യമായി മുറവിളി കൂട്ടുന്നു. ഈ ലക്ഷ്യം നേടാൻ ആ മേഖലയിലെ അതിന്റെ നിഴൽ സംഘങ്ങളെ ഇറാൻ സജ്ജീകരിക്കുന്നു. ഖാസെം സുലൈമാനി, ഇറാന്റെ റവല്യൂഷണറി ഗാർഡ്സിന്റെ കമാൻഡർ, യിസ്രായേലിന്റെ നാശത്തിന് വേണ്ടി ഒരു പദ്ധതി തയ്യാറാക്കി. എന്നാൽ, അത് നടപ്പിലാവുന്ന

തിന് മുൻപ്, 2020-ൽ താൻ കൊല്ലപ്പെട്ടു. സുലൈമാനി യിസ്രായേലിന് ചുറ്റും ഒരു 'അഗ്നി വലയം' സൃഷ്ടിച്ചു. അതായത്, യിസ്രായേലിന് ചുറ്റും നിരവധി പോർമുഖങ്ങൾ തുറന്നു. ലെബനൻ, ഇറാക്ക്, യെമെൻ എന്നിവിടങ്ങളിലെ നിഴൽ സംഘങ്ങൾക്ക് റോക്കറ്റുകളും മിസൈലുകളും നൽകി അവരെ സായുധരാക്കി. മിസൈൽ വർഷം നടത്തി യിസ്രായേലിന്റെ പ്രതിരോധ സംവിധാനത്തെ തളർത്തുകയും ലെബനൻ, സിറിയ വഴി രാഷ്ട്രത്തിന്റെ വടക്കൻ പ്രദേശങ്ങളെ ആക്രമിക്കുകയുമായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം.

പ്രവചനമായ ഗോഗ് മാഗോഗ് യുദ്ധത്തിന്റെ ആദ്യത്തെ ചുവട് വെയ്പ്പായി ഇതിനെ വ്യാഖ്യാനിക്കുന്നു. അതേസമയം ബ്രിട്ടൺ, അമേരിക്ക പോലുള്ള രാജ്യങ്ങളിൽ വലിയ പ്രതിഷേധങ്ങളാണ് തുടർച്ചയായി നടക്കുന്നത്. മാർക്സിസ്റ്റുകളും ഇസ്ലാമികവാദികളും യിസ്രായേൽ വിരുദ്ധരായ ഇടതുപക്ഷക്കാരെയും ഈ പ്രതിഷേധങ്ങൾ ഒന്നിപ്പിക്കുന്നു. പലസ്തീനെ പിന്തുണയ്ക്കാൻ വേണ്ടിയാണ് ഇവയൊക്കെ നടത്തേണ്ടിയിരുന്നത്. എന്നാൽ, ഹമാസ് തീവ്രവാദികൾക്കും അവരുടെ ഇറാൻ




സഹായികൾക്കും തുറന്ന പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് യിസ്രായേലിനോടും യെഹൂദ ജനതയോടുമുള്ള വെറുപ്പ് അവർ വെളിപ്പെടുത്തുന്നു. 'നദി മുതൽ കടൽ വരെ, പലസ്തീൻ സ്വതന്ത്രമാകുമെന്ന്' അവർ ഉരുവിടുന്നു. യിസ്രായേലിനെ നശിപ്പിക്കാനും യെഹൂദ ജനതയുടെ കൂട്ടക്കൊലയ്ക്കും വേണ്ടി അറിഞ്ഞോ അറിയാതെയോ അവർ ആഹ്വാനം ചെയ്യുകയാണ്.

## സമാധാന പദ്ധതികൾ

അതേസമയം, പലസ്തീൻ എന്ന രാജ്യം സൃഷ്ടിക്കുന്നതിലൂടെ സമാധാനം സ്ഥാപിക്കാൻ കഠിനമായ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ വാക്കുകളിൽ: 'പശ്ചിമേഷ്യയിൽ നീതിപൂർവ്വകവും, സമഗ്രവും, ശാശ്വതവുമായ സമാധാനത്തിലേക്കുള്ള പ്രായോഗിക മാർഗ്ഗം ദ്വിരാഷ്ട്ര പരിഹാരത്തിലൂടെ-ഐക്യരാഷ്ട്ര സഭയുടെ പ്രമാണപത്രത്തിനും പ്രസക്തമായ അതിന്റെ പ്രമേയങ്ങൾക്കും അനുസൃതമായി യിസ്രായേലും പലസ്തീനും സമാധാനത്തിലും സുരക്ഷിതത്വത്തിലും ഒരുമിച്ചു ജീവിക്കുക' എന്നതാണ്.' ഇപ്പോൾ അയർലണ്ട്, നോർവെ, സ്പെയിൻ ഉൾപ്പെടെയുള്ള ഒരു കൂട്ടം രാജ്യങ്ങൾ പലസ്തീനെ രാജ്യമായി അംഗീകരിച്ചുകഴിഞ്ഞു. സൗദികൾ ഒരു സമാധാന പദ്ധതി മുന്നോട്ടു വയ്ക്കുന്നു. അതനുസരിച്ച്, ലോകത്തിലെ പ്രമുഖ സുന്നി മുസ്‌ലിം രാജ്യങ്ങൾ യിസ്രായേലിനെ അംഗീകരിക്കുകയും, അതിനു പകരമായി, പലസ്തീൻ രാജ്യം സ്ഥാപിക്കുകയും വേണം. ഈ നിർദ്ദേശം ഞങ്ങളുടെ 2023 ഒക്ടോബർ പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നു.

യിസ്രായേൽ പ്രധാനമന്ത്രി റാബിനും യാസർ അറഫാത്തും ഒപ്പുവച്ച ഓസ്ലോ ഉടമ്പടിയിൽ നയതന്ത്ര മുഖത്തിന് അതിന്റെ ലക്ഷ്യം നിറവേറാൻ ഇത്

മാർഗ്ഗമൊരുക്കി. ഓസ്ലോ കരാറിന്റെ വ്യവസ്ഥകൾ അനുസരിച്ച്, പലസ്തീനിയൻ അതോറിറ്റിയും യിസ്രായേലും രാജ്യത്തിന്റെ പ്രത്യേക പ്രദേശങ്ങൾ ഭരിക്കാനുള്ള അവകാശം പരസ്പരം അംഗീകരിച്ചു. അതിന്റെ അർത്ഥം, തത്വത്തിൽ പലസ്തീനിയൻ അതോറിറ്റി യിസ്രായേലിന്റെ നിലനിൽപ്പിനുള്ള അവകാശം അംഗീകരിക്കുന്നു എന്നാണ്. അതിന്റെ ഫലമായി, പലസ്തീനിയൻ അതോറിറ്റി സ്ഥാപിതമാകുകയും ഫത്ത (പി എൽ ഓയുടെ രാഷ്ട്രീയ വിഭാഗം) പശ്ചിമതീരം, ഗാസ എന്നീ അറബ് പ്രദേശങ്ങളുടെ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തു.

അന്തിമ നിർണ്ണയത്തിന്റെ സമ്മത ഉടമ്പടിയിൽ എത്തുന്നതുവരെ, ആ മേഖലയുടെ മൊത്തത്തിലുള്ള സുരക്ഷാ നിയന്ത്രണം, പശ്ചിമതീരത്തെ യെഹൂദ കുടിയേറ്റ ഗ്രാമങ്ങൾ ഉൾപ്പെടെ (അവിടെ ഇപ്പോൾ 5,00,000 യിസ്രായേൽ പൗരന്മാർ വസിക്കുന്നു) യിസ്രായേൽ നിലനിർത്തും. ഇവയിൽ പലതും കിര്യത്ത് അർബ (ഹെബ്രോൻ), ബേത്




ലഹേമിന് സമീപത്തുള്ള എഫ്രാത്ത് തുടങ്ങിയ ബൈബിൾ പ്രാധാന്യമുള്ള പ്രദേശങ്ങളിലെ പട്ടണങ്ങളാണ്. ഏകദേശം 100,000 യിസ്രായേലികൾ യെരൂശലേമിന്റെ തർക്ക പ്രദേശങ്ങളിൽ ജീവിക്കുന്നു. യിസ്രായേൽ യെരൂശലേമിനെ തങ്ങളുടെ അവിഭക്ത തലസ്ഥാനമായി പ്രഖ്യാപിച്ചു, ഇത് കിഴക്കൻ യെരൂശലേമിനെ ഭാവി പലസ്തീൻ രാജ്യത്തിന്റെ തലസ്ഥാനമാക്കാൻ ആഗ്രഹിക്കുന്ന പലസ്തീനികളുമായുള്ള സംഘർഷത്തിന്റെ അനിയന്ത്രിത വിഷയമാക്കുന്നു. ബൈബിൾ പ്രദേശമായ യെഹൂദ്യയും, ശമര്യയും പശ്ചിമതീരത്താണെന്നുള്ളതു ശ്രദ്ധിക്കുക, ബൈബിളിലെ യിസ്രായേലിന്റെ ഹൃദയഭൂമിയാണത്.

ഓസ്ലോ കരാറിന്റെ വ്യവസ്ഥ അനുസരിച്ച്, അന്തിമ നിർണ്ണയത്തിന്റെ സമ്മതപത്രം, യിസ്രായേൽ സർക്കാരും പലസ്തീനിയൻ അതോറിറ്റിയും തമ്മിലുള്ള ഉഭയകക്ഷി കുടിയേറ്റം വഴി മാത്രമേ സാധ്യമാകൂ. ഈ ലക്ഷ്യത്തിൽ എത്താൻ വർഷങ്ങളായി ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും, സുരക്ഷയ്ക്കുവേണ്ടിയുള്ള യിസ്രായേലിന്റെ ആഗ്രഹത്തിനും, പഴയ യെരൂശലേം നഗരം ഉൾപ്പെടെയുള്ള പശ്ചിമതീരത്തിന്റെ മുഴുവൻ നിയന്ത്രണം വേണമെന്നുള്ള പാലസ്തീന്റെ ആഗ്രഹത്തിനും അനുസരിച്ച് ആർക്കും ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.

## ബൈബിളും സമാധാന ഉടമ്പടിയും

സെഖര്യാവു 12-ലെ പ്രവചനം സൂചിപ്പിക്കുന്നത് ഈ പ്രശ്നത്തിന്റെ പരിഹാരത്തിന്റെ കേന്ദ്രം യെരൂശലേം ആയിരിക്കുമെന്നാണ്. ‘*ഞാൻ യെരൂശലേമിനെ ചുറ്റുമുള്ള സകലജാതികൾക്കും ഒരു പരിഭ്രമപാത്രമാക്കും; യെരൂശലേമിന്റെ നിരോധത്തിങ്കൽ അതു യെഹൂദെക്കും വരും. അന്നാ*

***ളിൽ ഞാൻ യെരൂശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കി വെക്കും; അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേല്ക്കും; ഭൂമിയിലെ സകല ജാതികളും അതിനു വിരോധമായി കൂടിവരും'*** (സെഖര്യാവ് 12:2–3).

ശ്രദ്ധേയമായ വസ്തുത, സകല ജാതികളെയും പ്രതിനിധീകരിക്കുന്ന സംഘടനയായ ഐക്യരാഷ്ട്ര സഭ ലോകത്തിലെ മറ്റേതു വിഷയങ്ങളേക്കാൾ യിസ്രായേലും യെരൂശലേമുമായി ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ പ്രമേയങ്ങൾ പാസാക്കിയത്.

യോവേൽ 3-ലെ പ്രവചനം സൂചിപ്പിക്കുന്നത്, തന്റെ ദേശം വിഭജിക്കുന്ന രാഷ്ട്രങ്ങളോട് കർത്താവ് വ്യവഹരിക്കുമെന്നാണ്: ***'ഞാൻ സകലജാതികളെയും കൂട്ടി യഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനം നിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു വ്യവഹരിക്കയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു എന്റെ ദേശത്തെ വിഭാഗിച്ചുകളഞ്ഞുവല്ലോ'*** (യോവേൽ 3:2).

അന്ത്യകാലത്ത് നടപ്പിലാക്കുന്ന നിയമത്തെപ്പറ്റി ദാനിയേൽ 9:27 – ൽ പറയുന്നു:

***'അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും; ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും; മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും; നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും.'***

ഈ നിയമം സ്ഥിരീകരിക്കുന്ന ഒരുവൻ വരുവാനുള്ള എതിർ ക്രിസ്തുവാണ്. യിസ്രായേലും അവളുടെ അയൽ രാജ്യങ്ങളും ഉൾപ്പെടുന്ന ഏഴു വർഷ ഉടമ്പടി അവൻ കൊണ്ടുവരും (ഒരാഴ്ച = ദാനിയേൽ 9:24–27 പ്രകാരം ഏഴു വർഷം). ഈ കാലയളവിന്റെ മധ്യത്തിൽ, വിശുദ്ധ മന്ദിരത്തിൽ (യെരൂശലേമിലെ ദൈവാലയമല) ശൂന്യമാക്കുന്ന മ്ലേച്ഛത കൊണ്ടുവരുന്നതിലൂടെ അവൻ ഈ നിയമം ലംഘിക്കും. മത്തായി 24:15–22 വരെ കാണുക. ദാനിയേൽ 9:27 പ്രകാരം, ഈ പ്രവചനം യേശു ഭൂമിയിലേക്ക് മടങ്ങിവരുന്നതിനു തൊട്ടു മുന്നിലുള്ള ദിവസങ്ങളിൽ നിറവേറും. അത് ഏഴു വർഷത്തെ മഹോപദ്രവ കാലയളവിന് തുടക്കം കുറിക്കും. അതേസമയം വെളിപ്പാട് ആറാം അധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്ന കുതിരമേൽ സഞ്ചരിക്കുന്ന നാലു പുരുഷന്മാർ പ്രത്യക്ഷമാകും. ഞങ്ങളുടെ വീക്ഷണപ്രകാരം, വെളിപ്പാട് 6:1–2 വരെ വെള്ളക്കുതിരയുടെ മേൽ ഇരിക്കുന്നവൻ, കർത്താവായ യേശു സുവിശേഷവുമായി യാത്ര ചെയ്യുകയല്ല, പകരം എതിർ ക്രിസ്തു അവന്റെ വ്യാജ സമാധാനപദ്ധതിയുമായി യാത്ര ചെയ്യുകയാണ്.

വ്യാജ മശിഹാ, കുതിരമേൽ ഇരിക്കുന്ന നാലുപേരിൽ ആദ്യത്തെയാൾ, 'ജയിക്കുന്നവനായും ജയിപ്പാനായും' വെള്ളക്കുതിരയുടെ മേൽ യാത്ര ചെയ്യുന്നു. അവന്റെ കൈയിൽ ഒരു വില്ലുണ്ട്, എന്നാൽ അമ്പില്ല. അതുകൊണ്ട് അവന്റെ വിജയം യുദ്ധം ചെയ്തായിരിക്കില്ല പകരം, നയതന്ത്ര വിജയത്തിലൂടെയായിരിക്കും. അത് യിസ്രായേലും അവളുടെ അയൽ രാജ്യങ്ങളും സമാധാന ഉടമ്പടിയിൽ ഏർപ്പെടുന്നതിലേക്ക് നയിക്കും. സമാധാനത്തിന്റെ ആ അവസ്ഥ പിന്നീട് മഹോപദ്രവ കാലത്ത് സംഭവിക്കുന്ന ഗോഗ് മാഗോഗ് യുദ്ധത്തിന്റെ മുൻവ്യവസ്ഥ ആയിരിക്കും.

## മശിഹായുടെ വീണ്ടും വരവിന്റെ ലക്ഷണങ്ങൾ

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളിൽ ബൈബിൾ പ്രവചനങ്ങൾക്കുള്ള പ്രസക്തി ഇന്ന് മിക്കവാറും സഭകളും തള്ളിക്കളയുന്നു. മാത്രമല്ല, സഭ യിസ്രായേലിനോട് നിസ്സംഗ മനോഭാവത്തോടെ ഇടപെടുന്നു, അല്ലെങ്കിൽ ശത്രുത പോലും വച്ചുപുലർത്തുന്നു.എന്നിരുന്നാലും, ഒരു കൂട്ടം ക്രിസ്തു വിശ്വാസികൾ, ഈ സംഭവങ്ങളിലെല്ലാം ദൈവത്തിന്റെ കരം കാണുന്നു, യിസ്രായേൽ എന്ന യെഹൂദ രാഷ്ട്രത്തിന്റെ പുനർജനനം ബൈബിൾ പ്രവചനത്തിന്റെ നിറവേറലായി അവർ കാണുന്നു:

*'ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽനിന്നു കൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്ത ദേശത്തേക്കു വരുത്തും......ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും. ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തു നിങ്ങൾ പാർക്കും; നിങ്ങൾ എനിക്കു ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും ഇരിക്കും'* (യെഹെ. 36:24-28).

ദൈവത്തിന്റെ ഉദ്ദേശ്യം, യിസ്രായേലിനെ ദേശത്തേക്ക് മടക്കികൊണ്ടുവരിക മാത്രമല്ല, അവരെ തന്നിലേക്ക് കൊണ്ടുവരികയുമാണ്. അവർക്ക് പുതിയ ഹൃദയവും പുതിയ ആത്മാവും അതിനോടൊപ്പം അവിടുന്നു വാഗ്ദാനം ചെയ്യുന്നു. യിരെമ്യാവു 30 സൂചിപ്പിക്കുന്നത്, കഷ്ടകാലത്തിന്റെ അനന്തരഫലമായി ഇത് സംഭവിക്കുമെന്നാണ്. ആദ്യമായി, യിസ്രായേലിനെ അവരുടെ പൂർവ്വപിതാക്കന്മാരുടെ ദേശത്തിൽ പുനഃസ്ഥാപിക്കും. ദൈവം അബ്രാഹാമുമായും ഇസ്ഹാക്കുമായും യാക്കോബുമായും ചെയ്ത ഉടമ്പടിയെയാണ് അത് പരാമർശിക്കുന്നത് (ഉല്പ.15,17, 28). രാഷ്ട്രങ്ങളുടെ ഇടയിൽ അനേകം വർഷത്തെ ചിതറിപ്പോകലിനു ശേഷം കഷ്ടത്തിന്റെ കാലമുണ്ടാകും. യിസ്രായേലിന്റെ പുനഃസ്ഥാപനത്തിന് ശേഷമുള്ള ഈ കഷ്ടത്തിന്റെ കാലത്തെപ്പറ്റി യിരെമ്യാവു വിവരിക്കുന്നു:

*'യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നാം നടുക്കത്തിന്റെ മുഴക്കം കേട്ടിരിക്കുന്നു; സമാധാനമല്ല, ഭയമത്രെ ഉള്ളതു. പുരുഷൻ പ്രസവിക്കുമാറുണ്ടോ എന്നു ചോദിച്ചുനോക്കുവിൻ! ഏതു പുരുഷനും നോവുകിട്ടിയ സ്ത്രീയെപ്പോലെ കൈ നടുവിനു കൊടുത്തിരിക്കുന്നതും ഏതു മുഖവും വിളറിയിരിക്കുന്നതും ഞാൻ കാണുന്നതു എന്തു? ആ നാൾ പോലെ വേറെ ഇല്ലാതവണ്ണം അതു വലുതായിരിക്കുന്നു കഷ്ടം! അതു യാക്കോബിനു കഷ്ടകാലം തന്നേ; എങ്കിലും അവൻ അതിൽനിന്നു രക്ഷിക്കപ്പെടും..... നിന്നെ രക്ഷിപ്പാൻ ഞാൻ നിന്നോടുകൂടെയുണ്ടു എന്നു യഹോവയുടെ അരുളപ്പാടു; നിന്നെ ഞാൻ ചിതറിച്ചുകളഞ്ഞ സകലജാതികളെയും ഞാൻ മുടിച്ചുകളയും; എ ങ്കിലും, നിന്നെ ഞാൻ മുടിച്ചു കളകയില്ല; ഞാൻ നിന്നെ ന്യായത്തോടെ ശിക്ഷിക്കും; ശിക്ഷിക്കാതെ വിടുകയില്ലതാനും.'*

ഈ കഷ്ടത്തിന്റെ കാലത്തിൽ നിന്ന് യിസ്രായേൽ രക്ഷ പ്രാപിച്ച് പുറത്തുവരുമെന്നാണ് ഈ വേദഭാഗം പറയുന്നത്. 'അവർ തങ്ങളുടെ ദൈവമായ യഹോവയെയും ഞാൻ അവർക്കു എഴുന്നേല്പിപ്പാനുള്ള രാജാവായ ദാവീദിനെയും സേവിക്കും.' രാജാവായ ദൈവം എന്നത് ദാവീദ് പുത്രനായ മശിഹായുടെ രഹസ്യ രൂപ പദ

മാണ്. വാഴുന്ന മശിഹായുടെ വരവിനു വേണ്ടിയുള്ള ഒരുക്കങ്ങളാണ് ഈ സംഭവങ്ങൾ. 'ഞാൻ നിന്നെ ന്യായത്തോടെ ശിക്ഷിക്കും.' മശിഹായുടെ വ്യക്തിത്വവുമായി ബന്ധപ്പെട്ട് ചരിത്രപരമായി യെഹൂദ ജനത ചെയ്ത തെറ്റ് തിരുത്താൻ ദൈവം ആഗ്രഹിക്കുന്നു. വരാൻ പോകുന്ന മശിഹാ, യെശയ്യാവ് 53-ലെ കഷ്ടം അനുഭവിക്കുന്ന ദാസനായ മശിഹായുടെ പ്രവചനം നിവർത്തിക്കാൻ വന്ന യെഷുവാ, യേശു മശിഹായുടെ വ്യക്തിത്വത്തിൽ ഒരിക്കൽ ഉണ്ടായിരുന്നു.

***'അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു.... സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി.'***

ലോകത്തിന്റെ പാപത്തിന് പരിഹാരമായി യേശു യാഗമായി മരിച്ചപ്പോൾ തന്നെ പടയാളികളിൽ ഒരുവൻ കുന്തം കൊണ്ട് കുത്തി. കർത്താവിലേക്ക് തിരിയുന്ന എല്ലാവർക്കും, യെഹൂദർക്കും വിജാതീയർക്കും, പാപമോചനവും നിത്യജീവനും കൊടുക്കാൻ യേശു മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. ലോകത്തെ നീതിയോടെ ന്യായം വിധിക്കുന്നതിനും , യിസ്രായേലിനെ ശത്രുക്കളിൽ നിന്ന് രക്ഷിക്കുന്നതിനും, യെരൂശലേമിൽ തന്റെ രാജ്യം സ്ഥാപിക്കുന്നതിനും അവിടുന്ന് ശക്തിയിലും മഹത്വത്തിലും മടങ്ങിവരുമ്പോൾ ഇത് ചെയ്യുന്നവർ വരാനിരിക്കുന്ന തന്റെ രാജ്യത്തിന്റെ ഭാഗമാകും.

സ്വർഗ്ഗത്തിലേക്ക് പോകുന്നതിന് മുൻപ് യെരൂശലേമിൽ വരാൻ പോകുന്ന ശൂന്യതയെപ്പറ്റി യേശു സംസാരിച്ചു. യെഹൂദരുടെ കലാപത്തിന് ശേഷം, എഡി 70-ൽ, റോമാക്കാർ നഗരം നശിപ്പിച്ചപ്പോൾ അത് സംഭവിച്ചു. വരാനിരിക്കുന്ന മശിഹായെ സ്വീകരിക്കുന്ന പരമ്പരാഗത എബ്രായ അഭിവാദ്യങ്ങളോടെ - ബറുക ഹാ ബാ ബേ ശേം അഡോണായി (യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ), യെഹൂദർ തന്നെ സ്വീകരിക്കുന്ന ദിവസം താൻ യെരൂശലേമിലേക്ക് മടങ്ങിവരുമെന്ന് യേശു പറഞ്ഞു,

***"നിങ്ങളുടെ ഭവനം ശൂന്യമായ്ത്തീരും 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ' എന്നു നിങ്ങൾ പറയുവോളം നിങ്ങൾ ഇനി എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു!"***

യെരൂശലേമിനെ ചൊല്ലിയുള്ള ആഗോള സംഘർഷത്തിന്റെ സമയത്ത് യേശു ഒലിവ് മലയിൽ കാൽകുത്തും:

***'അവർ നിന്റെ നടുവിൽവെച്ചു നിന്റെ കൊള്ള വിഭാഗിപ്പാനുള്ള യഹോവയുടെ ഒരു ദിവസം വരുന്നു. ഞാൻ സകലജാതികളെയും യെരൂശലേമി***

*നോടു യുദ്ധത്തിന്നായി കൂട്ടിവരുത്തും.......... എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവു മലയിൽ നില്ക്കും... എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകല വിശുദ്ധന്മാരും വരും...യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും.'* (സെഖ. 14:1–9).

ലോകത്തിൽ സമാധാനം കൊണ്ടുവരികയും യിസ്രായേലിനെ രക്ഷിക്കുകയും ചെയ്യുന്ന മഹാപുരുഷനെന്ന മശിഹായെക്കുറിച്ചുള്ള ആധുനിക യെഹൂദ സങ്കല്പത്തിന് വിരുദ്ധമായി, തന്റെ രാജ്യം സ്ഥാപിക്കാനും യിസ്രായേലിന് സമാധാനവും വിടുതലും നൽകാനും ദൈവത്തിന്റെ എല്ലാ ശക്തിയോടുംകൂടെ വരുന്ന ദൈവീക വ്യക്തിത്വമാണ് മശിഹായെന്നാണ് ബൈബിൾ പ്രവാചകന്മാർ സൂചിപ്പിക്കുന്നത്. ഇത് നിവർത്തിക്കുന്നവൻ യേശു മശിഹായാണ്. യിരെമ്യാവു 31:31–34 വരെയുള്ള പ്രവചനം അനുസരിച്ച് പുതിയോരു നിയമം ചെയ്യാനും ദൈവവുമായുള്ള നമ്മുടെബന്ധം പുനഃസ്ഥാപിക്കാനും അവിടുന്ന് ആദ്യമായി വന്നു:

*'ഞാൻ യിസ്രായേൽ ഗൃഹത്തോടും യെഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാടു.... എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽ ഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെ യാകുന്നു: ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിക എന്നു ഉപദേശിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ അറിയും; ഞാൻ അവരുടെ അകൃത്യം മോചിക്കും; അവരുടെ പാപം ഇനി ഓർക്കയുമില്ല എന്നു യഹോവയുടെ അരുളപ്പാടു'* (യിരെ. 31:31–34).

അതേ മശിഹാ മടങ്ങി വരുമ്പോൾ, നാം എങ്ങനെയാണ് അവന്റെ പുതിയ നിയമത്തോട് പ്രതികരിച്ചത് എന്നതിന്റെ അടിസ്ഥാനത്തിൽ അവിടുന്ന് ലോകത്തെ ന്യായം വിധിക്കും. ഒരിക്കൽ വന്നവനും ശക്തിയിലും വലിയ മഹത്ത്വത്തിലും വീണ്ടും വേഗം വരുന്നവനുമായ മശിഹാ യേശുവയിലുള്ള വിശ്വാസവും അനുതാപവും വഴി അതിലേക്ക് പ്രവേശിക്കാനുള്ള സമയം ആഗതമായിരിക്കുന്നു (ദാനി. 7:13–14, മത്താ. 24:29–31).

യെഹൂദ, ഇസ്ലാം, ക്രൈസ്തവ വിശ്വാസങ്ങളെപ്പറ്റിയുള്ള ഈ പ്രവചനങ്ങളുടെ അർത്ഥത്തെപ്പറ്റി കൂടുതലായി അറിയാൻ ഈ മാസികയുടെ ഏപ്രിൽ പതിപ്പിലെ മശിഹായും പശ്ചിമേഷ്യയും എന്ന ലേഖനം പരിശോധിക്കുക, ഞങ്ങളുടെ വെബ്സൈറ്റിൽ അത് ലഭ്യമാണ് അല്ലെങ്കിൽ ഈ ഓഫീസിൽ നിന്ന് അച്ചടിച്ച പതിപ്പും ലഭ്യമാണ്.*

---

**"ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിക്കുക" (എഫെസ്യർ 5:16).**

# ദൈവം നിശ്ചയമായും ഭൂമിയിൽ വാഴുമോ?



ആയിരം ആണ്ടുകളും അപ്പുറവും ജീവിക്കുക

**ബൈ**ബിളിന്റെ അക്ഷരീകമായ വ്യാഖ്യാനമനുസരിച്ച് കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനു ശേഷം, യേശു ഭൂമിയിൽ 1000 വർഷം വാഴുന്ന ഒരു സമയമുണ്ട്. ഈ കാലഘട്ടത്തെ സഹസ്രാബ്ദം അല്ലെങ്കിൽ മശിഹൈക യുഗം എന്ന് വിളിക്കുന്നു. സഹസ്രാബ്ദം (Millennium) എന്ന വാക്ക് രണ്ടു ലാറ്റിൻ പദങ്ങളിൽ നിന്നാണ് എടുത്തിരിക്കുന്നത്, 'mille' അർത്ഥം 1000, 'annus' അർത്ഥം വർഷം. പുതിയ നിയമത്തിൽ ഒരു അധ്യായം, വെളിപ്പാട് 20:1-6 വരെ ഇതുമായി ബന്ധപ്പെട്ടുണ്ട്.

*'അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാധത്തിൽ തള്ളിയിട്ടു അടച്ചു പൂട്ടുകയും മീതെ മുദ്രയിടുകയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു. ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല. ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിനു അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും.'*

ഈ വാക്യങ്ങൾ പഠിപ്പിക്കുന്നത് സാത്താനെ ബന്ധിക്കുന്ന, മശിഹാ ഭൂമിയിൽ വാഴുന്ന 1000 വർഷ കാലയളവ് ഉണ്ടാകുമെന്നാണ്. മശിഹാ യെരൂശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്ന് ഭൂമിയിൽ സമാധാനവും നീതിയും കൊണ്ടുവരുന്ന ഒരു സമയത്തെക്കുറിച്ചു പറയുന്ന എബ്രായ പ്രവ

ചന പുസ്തകങ്ങളിലെ ഒരു കൂട്ടം വേദഭാഗങ്ങളുമായി ഇത് യോജിച്ചുപോകുന്നു. ഈ കാലയളവ് ന്യായവിധിയ്ക്ക് മുൻപായിരിക്കും. ന്യായവിധിയിൽ ദൈവം വീണ്ടെടുക്കപ്പെട്ടവരെ അല്ലാത്തവരിൽ നിന്ന് വേർതിരിക്കുകയും മശിഹൈക രാജ്യത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും.

ആദ്യമായി, ശരീരത്തോടെയുള്ള കർത്താവിന്റെ മടങ്ങിവരവിന് മുൻപ് സത്യവിശ്വാസികൾ തന്നെ ആകാശത്തിൽ സന്ധിക്കും:*'കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും'* (1 തെസ്സ. 4:16-17. 1 കൊരി. 15:51-54 കാണുക).

ഈ സംഭവത്തെ സഭയുടെ ഉൽപ്രാപണം എന്നു വിളിക്കുന്നു. ഈ സംഭവത്തിന് മുൻപുള്ള ഇപ്പോഴത്തെ സഭായുഗത്തിൽ (പെന്തക്കോസ്ത് ദിവസത്തിന് ശേഷം) മരിച്ചവരും അത് സംഭവിക്കുമ്പോൾ ജീവനോടെ ശേഷിക്കുന്നവരും അതിൽ ഉൾപ്പെടും. ജീവനോടെ ശേഷിക്കുന്നവർ അമാനുഷികമായ രീതിയിൽ കർത്താവ് വരുമ്പോൾ തന്നെ സന്ധിക്കാൻ ഭൂമിയിൽ നിന്ന് എടുക്കപ്പെടും. സഹസ്രാബ്ദ വാഴ്ചയിൽ അവർ ആത്മീയ ശരീരങ്ങളോടെ പ്രവേശിക്കും. ഇത് എന്നു സംഭവിക്കുമെന്ന് - ഏഴു വർഷം മഹോപദ്രവ കാലയളവിന്റെ തുടക്കത്തിലോ, മധ്യത്തിലോ, അന്ത്യത്തിലോ - എന്നുള്ള തർക്കമുണ്ട്. മഹോപദ്രവത്തിന് ശേഷം കർത്താവ് ഭൂമിയിലേക്ക് മടങ്ങിവരും. പൂർവ്വ മഹോപദ്രവ വീക്ഷണം വിശ്വസിക്കാൻ നല്ല കാരണങ്ങൾ ഉണ്ടെന്ന് ഞാൻ കരുതുന്നു. അതിന്റെ അർത്ഥം അത് എപ്പോൾ വേണമെങ്കിലും സംഭവിക്കാമെന്നാണ്. അത് പിന്നീട് സംഭവിക്കുമെന്ന് വിശ്വസിക്കുന്ന ആളുകൾ ഉണ്ടെന്ന് ഞാൻ അംഗീകരിക്കുന്നു. എങ്ങനെയായാലും, യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നതിലൂടെ ഇപ്പോൾ നാം തയ്യാറായി ഇരിക്കുക.

രണ്ടാമതായി, പഴയനിയമ യുഗത്തിൽ വിശ്വാസത്തിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കുകയും സഹസ്രാബ്ദ വാഴ്ചയിൽ (മശിഹൈക യുഗം എന്നും വിളിക്കുന്നു) പ്രവേശിക്കുകയും ചെയ്യും. *'നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായും ഉണരും'* (ദാനി. 12:2. യെശ. 26:19-21).

മൂന്നാമത്, ഉൽപ്രാപണത്തിന്റെ സമയത്ത് വിശ്വാസികളല്ലാത്തവർ, എന്നാൽ മഹാപീഡന കാലയളവിൽ വിശ്വാസികളായവർ കർത്താവ് ഭൂമിയിൽ മടങ്ങിവരുമ്പോൾ ഉയിർത്തെഴുന്നേൽക്കുകയും സഹസ്രാബ്ദ വാഴ്ചയിൽ ഭൂമിയിൽ ജീവിക്കുകയും ചെയ്യും. വെളിപ്പാട് 20:4-6 കാണുക. *അവർ ജീവിച്ച് ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു.*

ഇവരെല്ലാം 'ഒന്നാമത്തെ പുനരുത്ഥാനത്തിന്റെ' ഭാഗമാണ്. കർത്താവിനോടൊത്ത് സ്വർഗ്ഗത്തിൽ നിത്യമായ അവസ്ഥയിൽ പ്രവേശിക്കുന്നതിന് മുൻപ് ഇവർ ആത്മീയ ശരീരത്തിൽ സഹസ്രാബ്ദ വാഴ്ചയിൽ പ്രവേശിക്കും. വെളിപ്പാട് 20:6 പറയുന്നു, *'ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ*

*ഭാഗ്യവാനും വിശുദ്ധനും ആകുന്നു.'* വിശ്വാസികൾ എന്നനിലയിൽ മഹോപദ്രവത്തെ അതിജീവിക്കുന്നവർ ഉണ്ട്. അവർ സഹസ്രാബ്ദ വാഴ്ചയിൽ ഭൗമിക ശരീരത്തോടെ പ്രവേശിക്കും. യേശു മടങ്ങി വന്നതിനു ശേഷം, മഹോപദ്രവം അതിജീവിച്ചവരെ അവിടുന്ന് കൂട്ടിച്ചേർക്കുകയും അവരെ ചെമ്മരിയാടുകളായും കോലാടുകളായും വേർതിരിക്കുകയും ചെയ്യും. ചെമ്മരിയാടുകൾ നീതിമാൻമാരാണ് അവർ രാജ്യത്തിൽ പ്രവേശിക്കും. കോലാടുകൾ ദുഷ്ടന്മാരാണ്. അവർ തള്ളപ്പെടും.

*'മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശുദ്ധദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതു പോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും'* (മത്താ. 25:31-33).

യെഹെസ്കേൽ 20:33-44 വരെ പറഞ്ഞിരിക്കുന്നത് പോലെ ഭൂമിയിൽ അവശേഷിക്കുന്ന യെഹൂദർക്കുവേണ്ടി പ്രത്യേക ന്യായവിധി ഉണ്ടായിരിക്കും. അപ്പോൾ, പുനഃസ്ഥാപിക്കപ്പെട്ട യിസ്രായേൽ ദേശത്ത് കർത്താവിൽ വിശ്വാസികളായി പ്രവേശിച്ചവരെ (യെഹെ. 20:42), ദേശത്ത് പ്രവേശിക്കാതെ (വാക്യം 38), കർത്താവിനെതിരെ മത്സരിച്ചവരിൽനിന്ന് കർത്താവ് വേർതിരിക്കും. സഹസ്രാബ്ദ രാജ്യത്തിൽ യിസ്രായേൽ രാഷ്ട്രം അതിന്റെ പൂർണ്ണ മഹത്ത്വത്തിൽ ഉയർത്തപ്പെടും. അതിൽ പ്രവേശിക്കുന്നവർ ആത്മീയമായും ശാരീരികമായും വീണ്ടെടുക്കപ്പെടും. *ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും. "വിടുവിക്കുന്നവൻ സീയോനിൽനിന്നു വരും; അവൻ യാക്കോബിൽ നിന്നു അഭക്തിയെ മാറ്റും. ഞാൻ അവരുടെ പാപങ്ങളെ നീക്കുമ്പോൾ ഇതു ഞാൻ അവരോടു ചെയ്യുന്ന നിയമം" എന്നു എഴുതിയിരിക്കുന്നുവല്ലോ* (റോമ. 11:26-27). യെഹൂദരായാലും വിജാതീയരായാലും രക്ഷിക്കപ്പെട്ട അല്ലെങ്കിൽ വീണ്ടെടുക്കപ്പെട്ട ജനം മാത്രമേ സഹസ്രാബ്ദ രാജ്യത്തിൽ പ്രവേശിക്കുകയുള്ളൂ.

അതുകൊണ്ട്, സഹസ്രാബ്ദ രാജ്യത്തിൽ പ്രവേശിക്കുന്നവർ മുൻപുള്ള കാലങ്ങളിൽ അല്ലെങ്കിൽ യുഗങ്ങളിലെല്ലാം നീതിമാന്മാർ ആയിരിക്കും. ആ സമയത്ത് കർത്താവിന്റെ ജ്ഞാനം സാർവ്വത്രികമായിരിക്കും: *'വെള്ളം സമുദ്രത്തിൽ നിറഞ്ഞിരിക്കുന്നതു പോലെ ഭൂമി യഹോവയുടെ മഹത്ത്വത്തിന്റെ പരിജ്ഞാനത്താൽ പൂർണ്ണമാകും'* ഹബക്കൂക് 2:14.

## ഭൂമിയിലെ അവസ്ഥകൾ

എബ്രായ പ്രവചന പുസ്തകങ്ങളിലെ ഒരു കൂട്ടം വേദഭാഗങ്ങൾ ആ സമയത്തെ ഭൂമിയിലെ അവസ്ഥകൾ വിവരിക്കുന്നു. എല്ലാ അന്താരാഷ്ട്ര സംഘർഷങ്ങളും അവസാനിക്കും. അപ്പോൾ ലോകസമാധാനം പുലരും. ജന്തുലോകം പോലും പരസ്പരം സമാധാനത്തിലായിരിക്കും. അന്ന് സമൃദ്ധമായി ആഹാരം ഉണ്ടാകും. ഇന്നത്തെ കാലഘട്ടം വരുത്തിയ മലിനീകരണത്തിൽ നിന്നു ഭൂമി ശുദ്ധീകരിക്കപ്പെടും. ഭൂമിശാസ്ത്രത്തിലും ഭൂമിയിലെ പാരിസ്ഥിതിക സാഹചര്യങ്ങളിലും കാര്യമായ മാറ്റങ്ങൾ ഉണ്ടാകും. മശിഹായുടെ അധികാരം ഭൂമിയുടെ അറ്റത്തോളം ചെല്ലും. രാജ്യങ്ങൾ തന്നെ ആരാധിക്കാൻ വരും. യെരൂശലേമിലെ പുനർനിർമ്മിക്കപ്പെട്ട വിശുദ്ധ മന്ദിരത്തിൽ അവർ കർത്താവിൽ നിന്നു പഠിക്കും.

യിസ്രായേൽ വീണ്ടും കൂട്ടിച്ചേർക്കപ്പെടും. യെഹൂദ ജനത യെഷുവായെ (യേശുവിനെ) വാഗ്ദത്ത മശിഹായായി തിരിച്ചറിയുമ്പോൾ, അവസാനം അവർ സമാധാനവും സുരക്ഷയും അറിയും. ഈ കാലഘട്ടത്തെക്കുറിച്ച് സൂചിപ്പിക്കുന്ന ബൈബിൾ വാക്യങ്ങൾക്ക്, സങ്കീ. 72, യെശ. 2:1–4, യെശ. 11, യെശ.35, യെഹെ. 40–48, സെഖ. 14 എന്നീ വേദഭാഗങ്ങൾ വായിക്കുക: ഇതിനെക്കുറിച്ചുള്ള ഏറ്റവും അറിയപ്പെടുന്ന വാക്യങ്ങൾ യെശ. 2:1–4 വരെ വായിക്കാം.

*'അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേകവംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽനിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും. അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കയും ബഹുവംശങ്ങൾക്കു വിധികല്പിക്കയും ചെയ്യും; അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചുതീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല.'*

## ഇതിന്റെ വ്യത്യസ്ത വ്യാഖ്യാനങ്ങൾ

ഭൂമിയിൽ നടക്കാനിരിക്കുന്ന സംഭവങ്ങളായി ഈ വേദഭാഗങ്ങളെ അക്ഷരീകമായി എടുക്കാൻ കഴിയുമോ? അതോ ഭൂമിയിൽ ഇപ്പോഴത്തെ സഭയുടെ ജീവിതത്തെക്കുറിച്ച് അവ ആലങ്കാരികമായി പറയുകയാണോ അതോ അവ സ്വർഗ്ഗത്തിലെ ഭാവി ജീവിതത്തെക്കുറിച്ച് പറയുകയാണോ?

ഈ വിഷയത്തെപ്പറ്റിയുള്ള മൂന്നു വീക്ഷണങ്ങൾ സഹസ്രാബ്ദപൂർവ്വവാദം, സഹസ്രാബ്ദനിഷേധവാദം, സഹസ്രാബ്ദശേഷവാദം എന്നറിയപ്പെടുന്നു. 'സഹസ്രാബ്ദ പൂർവ്വവാദം' അർത്ഥമാക്കുന്നത് യേശു സഹസ്രാബ്ദത്തിനുമുൻപ് വരുമെന്നാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ സഹസ്രാബ്ദ വേദഭാഗങ്ങൾ തന്റെ മടങ്ങിവരവിന് ശേഷമുള്ള സാഹചര്യങ്ങൾ വിവരിക്കുന്നു. 'സഹസ്രാബ്ദശേഷവാദം' അർത്ഥമാക്കുന്നത് അവിടുന്നു സഹസ്രാബ്ദത്തിന് ശേഷം മടങ്ങിവരുമെന്നാണ്. അതുകൊണ്ട്, സഹസ്രാബ്ദ വേദഭാഗങ്ങൾ പറയുന്നത് യേശു വരുന്നതിന് മുൻപ് ഭൂമിയിൽ രാജ്യം സ്ഥാപിതമാകുമെന്നാണ്. സഹസ്രാബ്ദനിഷേധവാദം അർത്ഥമാക്കുന്നത് സഹസ്രാബ്ദം ഇല്ലെന്നാണ്. കാരണം, യേശുവിന്റെ രണ്ടാമത്തെ വരവ് ലോകത്തിന്റെ അന്ത്യം കുറിക്കും. ഭൂമിയിൽ മശിഹായുടെ വാഴ്ചയുണ്ടാകില്ല.

**സഹസ്രാബ്ദപൂർവ്വവാദം,** ഈ മാസികയിൽ ഞങ്ങൾ പിന്തുടരുന്ന വീക്ഷണമാണ്. അതിന്റെ അർത്ഥം ഈ വേദഭാഗങ്ങൾ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കണമെന്നാണ്. മഹോപദ്രവത്തിന്റെ അന്ത്യത്തിൽ യേശു നേരിട്ട് ഭൂമിയിൽ മടങ്ങിവരുമ്പോൾ ഈ വേദഭാഗങ്ങൾ നിവർത്തിക്കപ്പെടും. അപ്പോൾ അവിടുന്ന് മശിഹായും കർത്താവുമായി തന്റെ രാജ്യത്വം ഭൂമിയിൽ 1000 വർഷത്തേക്ക് സ്ഥാപിക്കും. ദൈവത്തിന്റെ അധികാരത്തിന്റെ കീഴിൽ ലോകം എങ്ങനെയാണ് ഭരിക്കേണ്ടതെന്ന് അത് കാണിക്കും.

ആദിമസഭയിലെ നിരവധി പേരുടെ പ്രതീക്ഷയായിരുന്നു ഈ വീക്ഷണം. ഒരു കൂട്ടം ഉറവിടങ്ങൾ അത് സ്ഥിരീകരിക്കുന്നു.

ഏകദേശം എ ഡി 100-നും165-നും ഇടയിൽ ജീവിച്ച ജസ്റ്റിൻ മാർട്ടിർ തന്റെ ' ട്രൈഫോയുമായുള്ള സംവാദം' എന്ന പുസ്തകത്തിൽ പറഞ്ഞു, *'എന്നാൽ, എല്ലാ രീതിയിലും ശരിയായ ചിന്താഗതിക്കാരായ ക്രൈസ്തവരായ ഞങ്ങൾക്ക്, മരിച്ചവരുടെ പുനരുത്ഥാനവും യെരൂശലേമിൽ ആയിരം വർഷവും ഉണ്ടാകുമെന്ന് ഉറപ്പുണ്ട്. പ്രവാചകന്മാരായ യെഹെസ്കേലും യെശയ്യാവും മറ്റുള്ളവരും പ്രഖ്യാപിച്ചതുപോലെ അത് അലങ്കരിക്കപ്പെട്ടതും വിശാലവുമായിരിക്കും, കൂടാതെ നമ്മുടെ ഇടയിൽ ഒരു പ്രത്യേക മനുഷ്യനുണ്ട്. ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരിൽ ഒരുവനായ അവന്റെ പേരാണ് യോഹന്നാൻ. അവന് ലഭിച്ച വെളിപ്പാടിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ യെരൂശലേമിൽ ആയിരം വർഷം വസിക്കുമെന്ന് അവൻ പ്രവചിച്ചു. അതിനുശേഷം പൊതുവായി, ചുരുക്കത്തിൽ എല്ലാ മനുഷ്യരുടെയും പുനരുത്ഥാനവും ന്യായവിധിയും നടക്കും.* ജസ്റ്റിന്റെ പ്രയോഗം 'എല്ലാ രീതിയിലും ശരിയായ ചിന്താഗതിക്കാരായ ക്രൈസ്തവരായ' എന്ന സൂചന സഹസ്രാബ്ദ യുഗത്തെപ്പറ്റിയുള്ള ഈ വീക്ഷണം തന്റെ കാലത്ത് പ്രമുഖമായിരുന്നുവെന്നാണ്. കൂടാതെ, അപ്പൊസ്തലനായ യോഹന്നാന് അവിടുന്ന് ആധികാരികത നൽകുന്നു, കാരണം, അവൻ അവരോടൊപ്പം ഉണ്ടായിരുന്നു (അവനെ അറിയാമായിരുന്നു). എഡ് വേർഡ് ഗിബ്ബൺ (1737 -1794), "റോമാ സാമ്രാജ്യത്തിന്റെ താഴ്ചയും വീഴ്ചയും" എന്ന പുസ്തകത്തിൽ ആദിമ സഭ പിൻതുടർന്നത് സഹസ്രാബ്ദ പൂർവ്വവാദമായിരുന്നുവെന്ന് എഴുതി: അത് സാർവ്വത്രികമായി സ്വീകരിച്ചില്ലെങ്കിൽ പോലും, അത് യാഥാസ്ഥിതിക വിശ്വാസികളുടെ സുപ്രധാനമായ വികാരമായിരുന്നുവെന്ന് തോന്നുന്നു.

**സഹസ്രാബ്ദനിഷേധ വാദം.** ക്രിസ്തുവർഷത്തിന്റെ മൂന്നാമത്തെ നൂറ്റാണ്ടിൽ യവന ദൈവശാസ്ത്രജ്ഞൻ ഒറിജൻ, തിരുവെഴുത്തുകളെ വ്യാഖ്യാനിക്കാൻ ആലങ്കാരിക രീതി അവലംബിച്ചു. യേശു അക്ഷരാർത്ഥത്തിൽ യെരൂശലേമിൽ നിന്ന് ഭൂമിയെ വാഴുന്ന, വാളുകളെ കൊഴുക്കളായ് അടിച്ചുതീർക്കുന്ന സമയത്തെപ്പറ്റി പറയുന്നതിന് പകരം, ഈ പ്രവചനങ്ങൾ ഒരു ആത്മീയ രാജ്യത്തെപ്പറ്റി സൂചിപ്പിക്കുന്നുവെന്നാണ് അദ്ദേഹം പഠിപ്പിച്ചത്. വിശ്വാസികളുടെ ഹൃദയങ്ങളിൽ യേശു സ്വർഗ്ഗത്തിൽ നിന്നു വാഴുന്ന ഈ ആത്മീയ രാജ്യത്തിൽ അവരുടെ പരസ്പര ബന്ധങ്ങളിൽ സമാധാനമുണ്ടാകും. ഒറിജന്റെ ശിഷ്യൻമാരിൽ ഒരാളായ ഡയോണിഷ്യസ്, മശിഹാ അക്ഷരാർത്ഥത്തിൽ ഭൂമിയിൽ വാഴുമെന്ന ആശയം എതിർക്കാൻ ബഹുദൂരം മുന്നോട്ടുപോയി. വെളിപ്പാട് പുസ്തകം പുതിയനിയമത്തിൽ നിന്ന് നീക്കാൻ അദ്ദേഹം ഗ്രീസിലെ സഭയെ സ്വാധീനിക്കുന്നതിൽ വരെ കാര്യങ്ങൾ എത്തി. മധ്യകാലഘട്ടത്തിന്റെ അവസാനം വരെ അത് പുനഃസ്ഥാപിക്കപ്പെട്ടിട്ടില്ല.

റോമാ സഭയുടെ വലിയ സ്വാധീനമായിരുന്ന അഗസ്റ്റിനും ഭൂമിയിൽ മശിഹാ അക്ഷരാർത്ഥത്തിൽ ഭരിക്കുമെന്ന ആശയത്തെ തിരസ്കരിച്ചു. വെളിപ്പാട് 20:1-3-വരെ പറയുന്ന, സാത്താനെ എറിഞ്ഞുകളയുന്ന അഗാധകൂപം അക്ഷരാർത്ഥത്തിൽ ഒരു സ്ഥലമല്ലെന്ന് തന്റെ 'ദൈവത്തിന്റെ നഗരം' എന്ന

പുസ്തകത്തിൽ അദ്ദേഹം കുറിച്ചു. അതിനു പകരം, 'അഗാധകൂപം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദുഷ്ടന്മാരുടെ എണ്ണമറ്റ കൂട്ടത്തെയാണെന്ന് അദ്ദേഹം എഴുതി. സഭയെ എതിർക്കുന്ന തീരാപ്പകയുടെ കാര്യത്തിൽ അവരുടെ ഹൃദയങ്ങൾ അളക്കാനാവാത്ത വിധം ആഴത്തിലാണ്.'സാത്താനെ അഗാധകൂപത്തിൽ തളയ്ക്കുന്നതിന്റെ അർത്ഥം 'സഭയെ വശീകരിക്കാൻ അവന് സാധിക്കാത്ത അവസ്ഥയാണ് എന്നത്രേ അദ്ദേഹത്തിന്റെ അഭിപ്രായം.

**'സഹസ്രാബ്ദശേഷ വാദം'** അർത്ഥമാക്കുന്നത് വലിയ ഒരു ഉണർവ്വ് വഴി സഭ ഭൂമിയിൽ വിജയകരമായി രാജ്യം സ്ഥാപിച്ചതിനുശേഷം രണ്ടാമത്തെ വരവ് സംഭവിക്കുമെന്നാണ്. അതിന്റെ അവകാശവാദ പ്രകാരം എല്ലാ രാഷ്ട്രങ്ങളെയും ക്രൈസ്തവ വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യും. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ ഒരു വലിയ കൂട്ടം ക്രൈസ്തവ നേതാക്കന്മാർ സഹസ്രാബ്ദ പൂർവ്വവാദത്തെ വെല്ലുവിളിക്കാൻ തുടങ്ങി. അത് നിഷേധാത്മകമവും വിശ്വാസരഹിതവുമാണെന്ന് അവർ പറഞ്ഞു. പ്രശ്നങ്ങൾക്കും എതിർക്രിസ്തുവിന്റെ വരവിനും പകരമായി, ദൈവം അത്ഭുതങ്ങളും അടയാളങ്ങളോടൊപ്പം വലിയ ഉണർവ്വ് അയക്കാൻ പോവുകയാണ്. മുഴുവൻ നഗരങ്ങളും രാഷ്ട്രങ്ങളും ക്രൈസ്തവ വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യുന്ന വിധത്തിൽ വലിയ തോതിലായിരിക്കും ഈ ഉണർവ്വ് നടക്കുന്നത്. ഈ യുഗം അവസാനിപ്പിക്കാൻ യേശു വരികയും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും അവിടുന്ന് നിത്യത കൊണ്ടുവരികയും ചെയ്യും.

സൗഖ്യം കൊണ്ടുവരുന്നതിലൂടെയും, ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിലൂടെയും, സമൂഹത്തെ പരിഷ്കരിക്കുന്നതിലൂടെയും, സാത്താന്റെ പ്രവർത്തികൾ നിഷ്ഫലമാക്കുന്നതിലൂടെയും അവർ സമൂഹത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാം എന്നൊരു വാദഗതി ഇപ്പോൾ വികസിച്ചുവരുന്നുണ്ട്. ഈ ആശയത്തിന് വലിയ ഊന്നൽ അവർ കൊടുക്കുന്നു. അതോടൊപ്പം, അത്ഭുതങ്ങളെപ്പറ്റിയുള്ള അവകാശവാദങ്ങളുടെ പെരുപ്പവും, അവരുടെ ഉപദേശം അനുസരിക്കുന്നവർക്ക് ആരോഗ്യവും സമ്പത്തും ലഭിക്കുമെന്ന വാഗ്ദാനവും വരുന്നു. അവരുടെ ശക്തിയുടെ പ്രവൃത്തികൾ കണ്ട് അവിശ്വാസികൾക്ക് മതിപ്പുണ്ടാകും. അവർ യേശുവിൽ വിശ്വസിക്കുകയും അതുമൂലം ലോകത്തെ നേടാനാവുകയും ഒരു പുതിയ ക്രിസ്തീയ ലോകക്രമത്തിൽ ക്രിസ്തീയ വിശ്വാസം നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്യും.

സുവിശേഷത്തിലൂടെ സമൂഹത്തെ സ്വാധീനിക്കാൻ ക്രിസ്തുവിശ്വാസികൾ ശ്രമിക്കണമെന്ന കാര്യത്തിൽ ഞങ്ങൾ യോജിക്കുന്നു. നമുക്ക് അതിന് കഴിയും. എന്നാൽ, ലോകത്തിന്റെ സ്വാധീന സ്ഥാനങ്ങളിൽ നിന്ന് ക്രിസ്തു വിശ്വാസികൾ പുറന്തള്ളപ്പെടുകയാണെന്ന് തെളിവുകൾ സംസാരിക്കുന്നു. കാരണം, എതിർ ക്രിസ്തുവിന്റെ ശക്തികൾ സ്ഥാപനങ്ങൾ ഏറ്റെടുക്കുകയാണ്, സജീവമായ സഭയുടെ ഭൂരിഭാഗവും അതിൽ ഉൾപ്പെടും. (മത്താ. 24, 2 തെസ്സ. 2, 2 തിമൊ.3, വെളി. 6-19). ഈ യുഗത്തിന്റെ അന്ത്യംവരെ നന്മയും തിന്മയും ഒരുമിച്ചുപോകുമെന്ന് മത്താ. 13: 24-43 വരെ യേശു പഠിപ്പിച്ചു. വെളിപ്പാട് 13 പ്രകാരം, ജനങ്ങൾ യേശുവിനെയല്ല, പകരം എതിർ ക്രിസ്തുവിനെ അനുഗമിച്ചതിന് ശേഷമാണ് ഭൂമിയിലേക്കുള്ള രണ്ടാമത്തെ വരവ് സംഭവിക്കുന്നത്.

എന്തുതന്നെ സംഭവിച്ചാലും ദൈവ

മാണ് ആത്യന്തികമായി വിജയിക്കുന്നത്. യഥാർത്ഥമായി അനുതപിക്കുകയും സുവിശേഷത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവരെ അവിടുന്ന് രക്ഷിക്കും. തന്റെ രാജ്യത്തിലെ നിത്യമായ ജീവനുവേണ്ടി താൻ അവരെ സൂക്ഷിക്കും. എതിർ ക്രിസ്തുവിന്റെ വാഴ്ചയും മഹോപദ്രവവും ലോകത്തിന്റെ അന്ത്യത്തിന് കാരണമാകാൻ അനുവദിക്കാത്തതിലൂടെ ഈ ഗ്രഹത്തിന്റെ കാര്യങ്ങളിൽ അന്തിമ വാക്കാവാൻ ദൈവം സാത്താനെ അനുവദിക്കില്ല. സാത്താനും പാപപങ്കിലമായ മാനവരാശിയും ഭരിക്കുമ്പോഴല്ല, പകരം, ദൈവം ഭരിക്കുമ്പോൾ ഈ ഗ്രഹത്തിലെ വാസം എത്ര മനോഹരമായിരിക്കുമെന്ന് അവിടുന്ന് കാണിച്ചുതരും.

നിത്യമായ അവസ്ഥയുടെ ഈ പൂർവ്വരംഗം (വെളി. 21-22) നോക്കിപാർക്കേണ്ട വസ്തുതയാണ്. കാരണം, ഈ യുഗത്തിലെ ദിവസങ്ങൾ കൂടുതൽ ഇരുണ്ട്, സാത്താന്യ ശക്തികൾ കൂടുതൽ ശക്തരായികാണുന്നു. മാനവരാശിക്ക് തെരഞ്ഞെടുക്കാൻ രണ്ടു മാർഗ്ഗങ്ങൾ മുന്നിലുണ്ട്. നരകത്തിൽ നിത്യമായ നാശത്തിലേക്കു പോകുന്ന എതിർ ക്രിസ്തുവായ സാത്താനോടൊപ്പം ചേരുക അല്ലെങ്കിൽ വിജയിക്കുന്ന വശത്ത് നിന്നുകൊണ്ട് യേശു മശിഹായിൽ വിശ്വസിക്കുക. അനുതാപത്തിലും വിശ്വാസത്തിലും അവങ്കലേക്ക് തിരിയുന്ന എല്ലാവർക്കും നിത്യവും ശാശ്വതവുമായ ജീവൻ നൽകാൻ വിജയശ്രീലാളിതനായി മശിഹാ വീണ്ടും വരുന്നു. *'ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല"* എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ' (1 കൊരി. 2:9).

മശിഹായുടെ ആയിരമാണ്ട് വാഴ്ചയുടെ അന്ത്യത്തിൽ ഇപ്പോഴത്തെ ഭൂമിയും പ്രപഞ്ചവും കത്തിയഴിയും:

***'കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യും. ഇങ്ങനെ ഇവയൊക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം. എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയഭൂമിക്കുമായിട്ട് കാത്തിരിക്കുന്നു"*** (2 പത്രൊ. 3:10 -13).

അപ്പോൾ എല്ലാ വിശ്വാസികളും ദൈവത്തിന്റെ രാജ്യത്തിൽ നിത്യജീവൻ ആസ്വദിക്കും.

'***ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവ സന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും'*** (വെളി. 21:1)*

# കാലത്തിന്റെ അടയാളങ്ങൾ



## മാർപ്പാപ്പായുടെ ആശയഗതി ബൈബിൾ വിശ്വാസമോ?

ഞങ്ങളുടെ 2023 ഒക്ടോബർ പതിപ്പിൽ, 'മാർപ്പാപ്പ ഒരു ബൈബിൾ വിശ്വാസിയോ?' എന്ന ചോദ്യം ഉയർത്തിക്കൊണ്ട് ഞങ്ങൾ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ഫ്രാൻസിസ് മാർപ്പാപ്പയുടെ ഉദാര പരമായ പഠിപ്പിക്കൽ സഭയ്ക്കുള്ളിൽ ദുരുപദേശവും വിശ്വാസത്യാഗവും വളർത്തുന്നുവെന്ന് സഭയുടെ ഉള്ളിൽ തന്നെ ഉയർന്ന അവകാശവാദങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു അത് പ്രസിദ്ധീകരിച്ചത്. കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്നായിരുന്നു അതു മൂലം ഉയർന്നുവന്നത്. മാർപ്പാപ്പായുടെ പ്രമാണപത്രമായ 'അമോരിസ് ലെയ്തിയ' (സ്നേഹത്തിന്റെ സന്തോഷം), വിവാഹത്തിന്റെ പവിത്രതയെപ്പറ്റിയുള്ള പരമ്പരാഗതമായ പഠിപ്പിക്കലിന്റെ അടിത്തറ തോണ്ടുന്നെന്നും, ഗർഭച്ഛിദ്രത്തെ വേണ്ടത്ര ശക്തമായി അപലപിക്കുന്നില്ലെന്നും സ്വവർഗ്ഗാനുരാഗ പ്രത്യയശാസ്ത്രത്തിന്റെ സ്വീകാര്യതയിലേക്ക് ചായുന്നെന്നും അവകാശവാദങ്ങളുണ്ടായി.

സഭയുടെ ഉപദേശം പഠിപ്പിക്കുന്നതിലുപരി കാലാവസ്ഥാ വ്യതിയാനത്തിന് മാർപ്പാപ്പ മുൻഗണന കൊടുത്തതും വിമർശനത്തിന് വഴിതെളിച്ചു. ഈ വിവാദവിഷയത്തിലെ രസകരമായ വസ്തുത എന്താണെന്നുവച്ചാൽ, ഈ വിഷയവും മറ്റു വിഷയങ്ങളും പരിഹരിക്കാൻ ഒരു ആഗോള സർക്കാർ രൂപീകരിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തതാണ്. 2015-ലെ തന്റെ പ്രമാണപത്രത്തിൽ, കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റിയുള്ള അന്താരാഷ്ട്ര ചർച്ചകൾക്ക് വേണ്ടത്ര പുരോഗതിയില്ലെന്ന് മാർപ്പാപ്പ ഫ്രാൻസിസ് പരാതിപ്പെടുകയും, ഉത്തരവാദിത്വങ്ങൾ അടിച്ചേൽപ്പിക്കാനും അസ്വീകാര്യമായ പ്രവൃത്തികൾ തടയാനും, ലോക രാജ്യങ്ങൾ ആഗോള നിയന്ത്രണ മാനദണ്ഡങ്ങൾ രൂപപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഒരു യഥാർത്ഥ ലോക രാഷ്ട്രീയ ഭരണകൂടത്തിന്റെ അടിയന്തിര ആവശ്യമുണ്ട്, ഈ ഭരണകൂടം മേൽനോട്ടത്തിന്റെയും ഏകോപനത്തിന്റെയും ഒരു ആധികാരിക ഉറവിടമായി നിന്നുകൊണ്ട് പൊതുനന്മയുടെ വെളിച്ചത്തിൽ സ്വീകാര്യമായ പെരുമാറ്റച്ചട്ടങ്ങൾ രൂപപ്പെടുത്തുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമുക്ക് ഏക ലോക രാഷ്ട്രീയക്രമം ആവശ്യമാണ്. ലോകത്തെ രക്ഷിക്കാൻ രാഷ്ട്രങ്ങൾ അപ്രകാരം സമർപ്പിക്കണമെന്ന നിയമം അതിനോടൊപ്പം വരുന്നു. അത് ഏതാണ്ട് എതിർ ക്രിസ്തുവിന്റെ കാര്യപരിപാടി പോലെ തോന്നുന്നു.

മനുഷ്യർ അടിസ്ഥാനപരമായി നന്മയുള്ളവരാണെന്ന് പ്രഖ്യാപിച്ചതിലൂടെ, ബൈബിൾ അധിഷ്ഠിത ക്രൈസ്തവ വിശ്വാസത്തിനെതിരെ മറ്റൊരു ദൈവശാസ്ത്ര ബോംബ് മാർപ്പാപ്പ ഇപ്പോൾ പൊട്ടിച്ചിരിക്കുന്നു. അമേരിക്കയിലെ 60 മിനിട്ട്സ് പരിപാടിയുടെ അഭിമുഖത്തിൽ, അവതാരക നോറ ഓ ഡോണെലിനോട് അദ്ദേഹം പറഞ്ഞു, 'അടിസ്ഥാനപരമായി നാമെല്ലാവരും നല്ലവരാണ്. അതേ, ചില തെമ്മാടികളും പാപികളുമുണ്ട്, എന്നാൽ തന്നെ നല്ലതാണ്. 'മാർപ്പാപ്പ ഏത് വേദപുസ്തക

മാണ് വായിക്കുന്നതെന്ന് എനിക്ക് അറിയില്ല, എന്നാൽ എന്റേത് ഇങ്ങനെ പറയുന്നു,' *'ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതു; അതു ആരാഞ്ഞറിയുന്നവൻ ആർ?'* (യിരെ. 17:9).

യേശു പറഞ്ഞു, *'വായിൽ നിന്നു പുറപ്പെടുന്നതോ ഹൃദയത്തിൽനിന്നു വരുന്നു; അതു മനുഷ്യനെ അശുദ്ധമാക്കുന്നു. എങ്ങനെയെന്നാൽ ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടുവരുന്നു. മനുഷ്യനെ അശുദ്ധമാക്കുന്നതു ഇതത്രേ; കഴുകാത്ത കൈകൊണ്ടു ഭക്ഷിക്കുന്നതോ മനുഷ്യനെ അശുദ്ധമാക്കുന്നില്ല"* (മത്താ. 15:18–20).

എല്ലാ മനുഷ്യർക്കും പാപസ്വഭാവം ഉണ്ടെന്ന് ബൈബിൾ പഠിപ്പിക്കുന്നു. മാനസാന്തരത്തിലൂടെയും യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും മാത്രമേ നമുക്ക് അതിൽ നിന്ന് വിടുതൽ പ്രാപിക്കാൻ കഴിയുകയുള്ളൂ. പൗലൊസ് എഴുതി: *'ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു'* (റോമ. 3: 23–24).

നാം അടിസ്ഥാനപരമായി നല്ലവരാണെങ്കിൽ നമ്മുടെ പാപപരിഹാരത്തിനുവേണ്ടി കുരിശിൽ രക്തം ചിന്തേണ്ട ആവശ്യം യേശുവിനില്ലായിരുന്നു. പുനരുത്ഥാനത്തിലൂടെയാണ് അവിടുന്ന് പാപത്തെയും മരണത്തെയും പിശാചിനെയും കീഴടക്കിയത്. ഈ സാഹചര്യത്തിൽ, പുനരുത്ഥാനത്തിന് ഒരു അർത്ഥവുമില്ല. അതുകൊണ്ട്, ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച്, അടക്കപ്പെട്ട്, മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റെന്ന സുവിശേഷം പ്രസംഗിക്കേണ്ട ആവശ്യം സഭയ്ക്കില്ല. അതുകൊണ്ട് ഈ സന്ദേശം പ്രസംഗിക്കുന്ന സഭകൾ നമുക്ക് അടച്ചുപൂട്ടാം.

സകല ജാതികളെയും ക്രിസ്ത്യാനികളാക്കാൻ യേശു ശിഷ്യന്മാരോട് പറഞ്ഞിട്ടില്ല. പുതിയ നിയമത്തിൽ ക്രിസ്ത്യാനി എന്ന പദം മൂന്നു പ്രാവശ്യം മാത്രമേ വരുന്നുള്ളൂ. അതിൽ രണ്ടു പ്രാവശ്യവും ആ വാക്ക് ഉപയോഗിച്ചത് അവിശ്വാസികളായിരുന്നു. യേശു പറഞ്ഞു, 'ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' (മത്തായി 28:19). ശിഷ്യൻ എന്ന പദം പുതിയ നിയമത്തിൽ 271 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. യേശുവിന്റെ അനുയായികളെ വിശേഷിപ്പിക്കാൻ പ്രവൃത്തികളുടെ പുസ്തകത്തിൽ ഈ വാക്ക് മുപ്പത് പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. നാം വിശ്വാസത്തിൽ കടന്നു വരുമ്പോൾ, യേശുക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം നാം ദൈവവുമായുള്ള ഒരു ബന്ധത്തിൽ പ്രവേശിക്കുകയാണ്. അതിലൂടെ നാം അവന്റെ ശിഷ്യന്മാർ ആവുകയാണ്. പഠിക്കുന്ന ഒരാളാണ് ശിഷ്യൻ. അതുകൊണ്ട്, നമ്മുടെ പുതിയ ജീവിതം യേശുവിൽ എങ്ങനെ നയിക്കണമെന്ന് ദൈവത്തിൽ നിന്നും തന്റെ വചനത്തിൽ നിന്നും (യേശുക്രിസ്തു) പരിശുദ്ധാത്മാവിൽനിന്നും പഠിക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം.

*'എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. നീ പല സാക്ഷികളുടെ മുമ്പാകെ*

***എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക. ക്രിസ്തു യേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക'*** (2 തിമൊ. 2:1-3).

## യൂറോവിഷൻ പാപ മത്സരം

'സംഗീതത്താൽ ഐക്യപ്പെടുക' എന്ന യൂറോവിഷന്റെ ഗാനമത്സരത്തിന്റെ ഈ പരസ്യവാചകം വെറും വാക്കുകളിൽ ഒതുങ്ങി. അനൈക്യം മൂലം അത് കളങ്കപ്പെട്ടു. കാരണം, ഗാസയിൽ നടക്കുന്ന യുദ്ധം മൂലം യിസ്രായേലിനെ മത്സരത്തിൽ നിന്ന് ഒഴിവാക്കണമെന്ന് പ്രതിഷേധക്കാർ ആവശ്യപ്പെട്ടു. യിസ്രായേലി പാട്ടുകാരി ഈഡൻ ഗോലൻ, ഹമാസിനെ അനുകൂലിക്കുന്ന ജനക്കൂട്ടത്തിൽ നിന്ന് കൂവലും അസഭ്യവും നേരിട്ടു. കാലാവസ്ഥ പ്രവർത്തക ഗ്രേറ്റ തുൻബെർഗ് ആ പ്രതിഷേധക്കാരോടൊപ്പം ചേർന്നു. സ്റ്റേജിൽ ഇല്ലാത്ത സമയം സ്വന്തം സുരക്ഷയ്ക്കായി തന്റെ ഹോട്ടൽ മുറിയിൽ തന്നെ തങ്ങാൻ ഈഡന് അറിയിപ്പ് ലഭിച്ചു. ഒക്ടോബർ 7-ന് ഹമാസ് നടത്തിയ ഭീകരാക്രമണത്തിന് ഇരയായവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതായിരുന്നു അവരുടെ ഗാനം.

അവസാനത്തെ വോട്ടിൽ യിസ്രായേൽ അഞ്ചാമത്തെ സ്ഥാനത്തു വന്നു. ടെലിവിഷനിലെ വോട്ടിങ്ങിൽ അതിന് വേണ്ടത്ര പിന്തുണ ലഭിച്ചില്ല. അതിൽ ദേശീയ വിധികർത്താക്കൾ മൊത്തത്തിൽ 52 വോട്ടുകളെ അതിനു നൽകിയുള്ളൂ. എന്നാൽ, പൊതുജനങ്ങളുടെ വോട്ടിൽ അത് നല്ല പ്രകടനം കാഴ്ചവച്ച്, ക്രൊയേഷ്യക്ക് പിന്നാലെ രണ്ടാമത് വന്നു. ബ്രിട്ടീഷ് വോട്ടർമാരും, ഓസ്ട്രേലിയ, ഫ്രാൻസ്, ജർമ്മനി, ഹോളണ്ട്, പോർട്ടുഗൽ, സ്പെയിൻ, സ്വിറ്റ്സർലൻഡ്, ഇറ്റലി, ബെൽജിയം, ലക്സംബെർഗ്, സാൻ മറിനോ എന്നിവടങ്ങളിലെ വോട്ടർമാരും പരമാവധി 12 പോയിന്റുകൾ നൽകി.

എന്നാൽ അതിനു വിരുദ്ധമായി, ബ്രിട്ടീഷ് പ്രതിനിധിക്ക് മാത്രമാണ് പൊതുജന വോട്ടിങ്ങിൽ ഒരു പോയിന്റ് പോലും ലഭിക്കാതിരുന്നത്. ഈ പരിപാടിയിൽ ഏറ്റവും മോശമായ പ്രകടനത്തിന് ലഭിച്ച ചുട്ട മറുപടിയായിരുന്നു അത്. വൃത്തികെട്ട കുളിമുറി പോലെ തോന്നുന്നിടത്ത് അഞ്ച് പുരുഷന്മാർ സ്വർഗ്ഗ പ്രേമം ആഘോഷിക്കാൻ തുള്ളിക്കളിക്കുന്നതായിരുന്നു അവരുടെ പ്രകടനം. ഒരിക്കൽ ക്രൈസ്തവ വിശ്വാസവും സുവിശേഷവും ലോകത്തിന് സമ്മാനിച്ച ബ്രിട്ടീഷ് രാഷ്ട്രത്തിന് ഈ പ്രകടനം അപമാനം കൊണ്ടുവന്നു. അയർലണ്ടിന്റെ പ്രകടനവും അതു പോലെ മോശമായിരുന്നു. സ്വവർഗ്ഗാനുരാഗിയായ ഒരു മന്ത്രവാദിനി, അവൾ അവളെത്തന്നെ 'ദുർമുഖ കിളവി ' (Bambi Thug) എന്നു വിളിക്കുന്നു (യഥാർത്ഥത്തിൽ 'അവളെത്തന്നെ' അല്ല, അവർ, അവരുടെ, അവരെ, തുടങ്ങിയ സർവ്വനാമത്തിൽ അറിയപ്പെടാൻ അവൾ ആഗ്രഹിക്കുന്നു). അവൾ/അവർ നേരത്തെ യിസ്രായേലിന്റെ പ്രതിനിധിയെ അധിക്ഷേപിച്ചിരുന്നു. അവൾ സ്റ്റേജിൽ വന്നിട്ട് നൃത്തമാടുകയും പിശാചിനെപ്പോലെ തോന്നിച്ച ഒരു പുരുഷനുമായി ചേർന്ന് ലൈംഗികതയിലെ പല നിലകൾ അഭിനയിച്ച് കാണിക്കുകയും ചെയ്തു. ഇതിനെതിരെ ഒരു പ്രതിഷേധവും ഉണ്ടായില്ല. പകരം, ജനക്കൂട്ടം ആർപ്പുവിളിയോടെ ആ പ്രകടനത്തെ പ്രോത്സാഹിപ്പിച്ചു.

ഒന്നോ രണ്ടോ പ്രകടനങ്ങൾ ഒഴിച്ച്, (ഫ്രഞ്ച്, യിസ്രായേലി പ്രതിനിധികൾ), മിക്കവാറും പാട്ടുകളും ഏതോ രൂപത്തിലുള്ള അപചയത്തിന്റെ ആഘോഷങ്ങളായിരുന്നു, അർദ്ധനഗ്നരായ നിരവധി സ്ത്രീകളും പുരുഷ

ന്മാരും ലൈംഗികതയിലെ പല നില കൾ അഭിനയിച്ച് കാണിക്കുകയായിരുന്നു. സ്ത്രീകളുടെ വേഷം ധരിച്ചെത്തി, 'രഹസ്യ സൂചകം' (The Code) എന്ന പാട്ടുപാടിയ പുരുഷനായ നീമോയായിരുന്നു വിജയി. ഒരു സ്വിസ്സ് സംഗീതജ്ഞനാണ് നീമോ. അയാൾ സ്വിറ്റ്സർലൻഡിനെയാണ് പ്രതിനിധീകരിച്ചത്. നീമോ അവനെത്തന്നെ/അവരെത്തന്നെ നിർവചിക്കുന്നത് ലിംഗാതീത സംഗീതജ്ഞൻ എന്നാണ്. അവർ/അവരെ തുടങ്ങിയ സർവ്വനാമങ്ങളാണ് അയാൾ ഉപയോഗിക്കുന്നത്. സ്വിറ്റ്സർലൻഡിൽ സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങൾ വ്യാപകമാക്കണമെന്നു നീമോ വാദിക്കുന്നു. 'ദ കോഡ്' ഗാനത്തിന്റെ വരി ഇങ്ങനെ പോകുന്നു, 'എന്റെ സത്യത്തിന്റെ കഥയാണിത്,' താൻ നരകത്തിൽ പോയെന്നും ഈ സത്യത്തിലേക്ക് മടങ്ങി വന്നെന്നും ഇപ്പോൾ 'പറുദീസ കണ്ടെത്തിയെന്നും തന്റെ രാജ്യം വന്നെന്നും' അയാൾ പറയുന്നു.

അതുകൊണ്ട്, അയാൾ 'എന്റെ സത്യവും' 'എന്റെ രാജ്യവും' കൊണ്ടുവരാൻ നരകത്തിൽ പോയിവന്നു. താൻ ഇപ്പോൾ പറുദീസയിലാണെന്ന് അയാൾ വിശ്വസിക്കുന്നു! നമ്മുടെ ഈ കാലയളവിലെ ശക്തമായ മിഥ്യാബോധമാണത്. അതിൽ ദൈവത്തിന്റെ അലംഘനീയമായ സത്യം നിരസിക്കുകയും അതിനു പകരമായി ആപേക്ഷികമായ സത്യത്തെ സ്ഥാപിക്കുകയും ചെയ്യുന്നു. ഈ ആപേക്ഷിക സത്യം നരകത്തിൽ നിന്നാണ് വരുന്നത്. അന്ത്യത്തിൽ, ഈ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന എല്ലാവരെയും യഥാർത്ഥ പറുദീസയിൽ നിന്ന് അത് ഒഴിവാക്കുന്നു. പിശാചിന്റെ വാക്കുകൾ യഥാർത്ഥത്തിൽ ഭോഷ്ക്കാണ്.

## ഉത്തര ധ്രുവ ദീപ്തി—വരാൻ പോകുന്ന അന്ധകാരമോ?

**മെ**യ് 12-ന് ബ്രിട്ടന് മുകളിലെ ആകാശം ധ്രുവദീപ്തിയുടെ കണ്ണഞ്ചിപ്പിക്കുന്ന വർണ്ണ ദീപ്തിയാൽ പ്രകാശപൂരിതമായി. രാജ്യത്തിന്റെ വടക്കെ അറ്റത്തു നിന്നു മാത്രം ദൃശ്യമാകുന്ന അരോറ ബോറിയാലിസ് എന്നറിയപ്പെടുന്ന ഉത്തരധ്രുവ ദീപ്തി തെക്ക് കോൺവാലിലെയും അയിൽ ഓഫ് വൈറ്റിലെയും ജനങ്ങളിൽ വിസ്മയം ജനിപ്പിച്ചു. അതിഗംഭീരമായ വർണ്ണ ശബളിമയുടെ പ്രദർശനം ഉണ്ടാകുന്നത് സൂര്യൻ ഭൂമിയിലേക്ക് ഉയർന്ന ഊർജ്ജമുള്ള പദാർത്ഥ കണികകൾ വലിയ തോതിൽ അയക്കുമ്പോൾ ഭൗമകാന്തിക കൊടുങ്കാറ്റ്, ഭൂമിയുടെ കാന്തിക മണ്ഡലവുമായി പ്രവർത്തനം നടത്തുന്നത് കൊണ്ടാണ്. അതേ പ്രതിഭാസം, വടക്കെ അമേരിക്കയിൽ കാണാനായി. അരിസോണ, പോർട്ടോറിക്കോ, മെക്സിക്കോ എന്നിങ്ങനെ തെക്കെയറ്റം വരെ ഉത്തരധ്രുവ ദീപ്തി ദൃശ്യമായി.

മെയ് 12-ന് നമ്മുടെ അന്തരീക്ഷത്തിൽ തെളിഞ്ഞ സൗരജ്വാല പ്രത്യേകിച്ച് ശക്തിയുള്ളതായിരുന്നില്ല. 1859-ൽ വലിയ തോതിലുള്ള സൗരജ്വാല ഉണ്ടായി. കാരിംഗ്ടൺ സംഭവം എന്നറിയപ്പെടുന്ന ആ പ്രതിഭാസം, വിദ്യുത്ച്ഛക്തി ഊർജ്ജം കലർന്ന വാതകവും അണു കണികകളും ഭൂമിയിലേക്ക് വർഷിച്ച് ടെലിഗ്രാഫ് ശൃംഖലകളിൽ നാശം വിതച്ചു. ഇതേ ശക്തിയുള്ള ഒരു സൗരജ്വാല മെയ് 12-ന് ഭൂമിയിൽ പതിച്ചിരുന്നുവെങ്കിൽ അത് വലിയ തടസ്സങ്ങൾ അല്ലെങ്കിൽ വലിയ ദുരന്തം പോലും സൃഷ്ടിക്കുമായിരുന്നു. മെയ് 14-ന് സൂര്യൻ, അതിഭീകരമായ X8.7 സൗരജ്വാല പുറപ്പെടുവിച്ചു. മുഴുവൻ സൗരചക്രത്തിലെയും ഏറ്റവും വലിയ സൗരജ്വാലയായിരുന്നു അത്. ഭാഗ്യവശാൽ, അത് ഭൂമിയുടെ നേർക്കല്ല വന്നത്.

എന്നാൽ, ഇത്രയും ശക്തിയുള്ള ഒരു സൗരജ്വാല മെയ് 12-ന് ഭൂമിയിൽ പതിച്ചിരുന്നുവെങ്കിൽ അതിന്റെ അനന്തരഫലം ചില തടസ്സങ്ങൾ മുതൽ ആഗോള ദുരന്തം വരെയാകാമായിരുന്നു.

വെളിപ്പാട് 8:7-ൽ നാം വായിക്കുന്നു, ***'ഒന്നാമത്തവൻ ഊതി; അപ്പോൾ രക്തം കലർന്ന കല്മഴയും തീയും ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നിലൊന്നു വെന്തുപോയി; വൃക്ഷങ്ങളിൽ മൂന്നിലൊന്നു വെന്തുപോയി;എല്ലാ പച്ചപ്പുല്ലും വെന്തുപോയി.'***

ഒരു വലിയ സൗരജ്വാല ഭൂമിയിൽ പതിച്ചാൽ എന്തു സംഭവിക്കുമെന്ന് ഇത് വിവരിക്കുന്നു. ആദ്യമായി, അതിന്റെ ചൂട് ഭൂമിയുടെ ബഹിരാകാശത്തിൽ സുഷിരം സൃഷ്ടിക്കുകയും, അതിലൂടെ അന്തരീക്ഷത്തിലെ കടുത്ത തണുപ്പ് ഭൂമിയിൽ എത്തുകയും ചെയ്യുന്നു. ഇത് ഹിമപരലുകളെ ആലിപ്പഴ കട്ടകളാക്കി മാറ്റുകയും, അത് ഭൂമിയിൽ പതിക്കുകയും ചെയ്യും. അതിനുശേഷം വരുന്ന സൗരജ്വാലയിൽ നിന്നുള്ള കൊടിയ ചൂട് അതിന്റെ സഞ്ചാരപഥത്തിൽ വരുന്ന വൃക്ഷങ്ങളെയും സസ്യങ്ങളെയും ചുട്ടുകരിക്കും.

## അതുകൊണ്ട് രക്ഷിക്കപ്പെടാൻ നാം എന്തു ചെയ്യണം?

**മി**ക്ക ആളുകളും ഞങ്ങൾ ഇവിടെ എഴുതിയ വസ്തുതകളെപ്പറ്റി ചിന്തിക്കാൻ ശ്രമിക്കുന്നില്ല (ഇതുവരെ നിങ്ങൾ ഈ വിഷയത്തിൽ ഞങ്ങളോടൊപ്പം നിന്നെങ്കിൽ അഭിനന്ദനങ്ങൾ). എന്തെങ്കിലും നല്ലത് സംഭവിക്കുമെന്നും ഭാവിയിൽ എല്ലാം ശരിയാവുമെന്നും ആളുകൾ ആശിക്കുന്നു. എന്നാൽ അങ്ങനെയല്ല കാര്യങ്ങളെന്ന് കരുതുക.

ടൈറ്റാനിക്കിനെപ്പറ്റി ചിന്തിക്കുക. ദൈവത്തിന് പോലും അതിനെ മുക്കാൻ കഴിയില്ലെന്ന് അവർ പറഞ്ഞതാണ്. ടൈറ്റാനിക് സിനിമയിൽ ഒരു രംഗമുണ്ട്: കപ്പൽ ജോലിക്കാർ മുന്നിൽ മഞ്ഞുമല കണ്ടപ്പോൾ കപ്പൽ അതുമായി കൂട്ടിയിടിക്കാൻ പോവുകയാണെന്ന് അവർക്ക് മനസ്സിലായി. അവർ എഞ്ചിൻ തിരിച്ച് പ്രവർത്തിപ്പിക്കാനും, കപ്പലിന്റെ ഗതി തിരിച്ചുവിടാനും ശ്രമിച്ചു. എന്നാൽ, അവർ ഏറെ താമസിച്ചുപോയിരുന്നു. അപ്പോഴേക്കും വെള്ളം കപ്പലിനുള്ളിലേക്ക് ഇരച്ചുകയറി. 'കപ്പൽ മുങ്ങാൻ പോവുകയാണ്' കപ്പിത്താൻ വിളിച്ചു പറഞ്ഞു. എല്ലാ യാത്രക്കാർക്കും ചെയ്യാൻ പറ്റുന്ന ഒരു കാര്യം മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിൽ നിന്ന് രക്ഷാ ബോട്ടിലേക്ക് ചാടുകയെന്നതാണ്. അതു എളുപ്പമായിരുന്നില്ല, കാരണം, മിക്കവാറും സമ്പന്നർക്കാണ് ബോട്ടുകൾ ലഭിച്ചത്. സാധാരണക്കാർ ഉപേക്ഷിക്കപ്പെട്ടു. ദൈവത്തിനുപോലും കപ്പലിനെ മുക്കാൻ കഴിയില്ലെന്ന് അവർ പറഞ്ഞു. എന്നാൽ, മഞ്ഞുമലയിൽ ഇടിച്ച് മൂന്നു മണിക്കൂറിനുള്ളിൽ അത് മുങ്ങിത്താണു.

ഈ ലോകത്തിന്റെ സംവിധാനം വിഡ്ഢികളുടെ കപ്പലിനെപ്പോലെയാണ്. വിദ്രോഹപരമായ ഭാഗധേയവുമായി കൂട്ടിയിടിക്കാനുള്ള പാതയിലൂടെയാണ് അതിന്റെ യാത്ര. അത് കപ്പലിനെ മുക്കിക്കളയും. നൂറുകണക്കിന് വിവിധ പ്രതിസന്ധികൾ നമ്മെ തളർത്തിക്കളയുമ്പോൾ, ഗതി മാറ്റാൻ നാം താമസിച്ചു പോയിരിക്കും. ഈ ലോകം ദൈവത്തെയും, ബൈബിളിനെയും, തന്റെ കല്പനയെയും ഏക രക്ഷാമാർഗ്ഗമായ യേശു ക്രിസ്തുവിനെയും പുറത്തെറിഞ്ഞിരിക്കുന്നു. യേശു ക്രിസ്തു അന്ത്യകാലത്തെപ്പറ്റി പ്രവചിച്ച മഹോപദ്രവ കാലഘട്ടത്തിലേക്ക് നാം കുതിച്ചുകൊണ്ടിരിക്കുകയാണ്. അവിടുത്തെ മടങ്ങിവരവിന് മുൻപ് അത് സംഭവിക്കും. അതിനുശേഷം, കർത്താവിനെ നിരസിക്കുന്ന എല്ലാവർക്കും ദൈവത്തിന്റെ ന്യായവിധി കാത്തിരിക്കുന്നു.

രക്ഷയുടെ ലൈഫ് ബോട്ടിൽ നാം പ്രവേശിക്കേണ്ടിയിരിക്കുന്നു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ച്, എല്ലാ വിശ്വാസികൾക്കും നിത്യരക്ഷയും ജീവനും നൽകാൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തുവിൽ ദൈവം നമുക്ക് രക്ഷാ ബോട്ട് ഒരുക്കിയിരിക്കുന്നു.

ഇത് ടൈറ്റാനിക്കിലെ രക്ഷാ ബോട്ടുകളെപ്പോലെയല്ല, കർത്താവിനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും യേശു ക്രിസ്തുവിലുള്ള നിത്യരക്ഷയുടെ രക്ഷാ ബോട്ടിൽ സ്ഥലമുണ്ട്. ഇതിന് ഒരു ബദൽ മാത്രമേയുള്ളൂ: മുങ്ങിതാഴുന്ന കപ്പലിൽ തുടർന്നിട്ട് നരകത്തിൽ ദൈവത്തിൽ നിന്ന് നിത്യമായ വേർപാട് അഭിമുഖീകരിക്കുക.

## അതുകൊണ്ട്, എന്താണ് ചെയ്യേണ്ടത്?

1. ദൈവമുണ്ടെന്നും അവിടുന്ന് നമ്മെ സ്നേഹിക്കുന്നുവെന്നും നമ്മെപ്പറ്റി തനിക്ക് ഒരു ഉദ്ദേശ്യമുണ്ടെന്നും വിശ്വസിക്കുക (യോഹ. 3:16).


2. നാമെല്ലാവരും പാപികളാണെന്നും ദൈവത്തിന്റെ ഹിതം നിറവേറ്റുന്നതിൽ നാം പരാജയപ്പെട്ടെന്നും നാം തന്റെ കല്പന ലംഘിച്ചെന്നും തിരിച്ചറിയുക (റോമ. 3:23-24).

3. നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കുക (തിരിഞ്ഞുവരുക, പശ്ചാത്തപിക്കുക, വിട്ടുതിരിയുക). നാം ചെയ്ത തെറ്റുകൾ പൊറുക്കാൻ ദൈവത്തോട് അപേക്ഷിക്കുക (അപ്പൊ. 2:38, അപ്പൊ. 17:30-31).

4. കർത്താവായ യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി യാഗമായി മരിച്ചെന്നും, നമുക്ക് അർഹതപ്പെട്ട ശിക്ഷ കുരിശിൽ താൻ വഹിച്ചെന്നും തന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നിത്യജീവൻ നൽകാൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റെന്നും വിശ്വസിക്കുക (1 കൊരി. 15:3-4).

5. വിശ്വാസത്താൽ ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലേക്കു സ്വീകരിക്കുക, നമുക്ക് പരിശുദ്ധാത്മാവിനെ നൽകാനും നമ്മിൽ വന്ന് വസിക്കാനും ദൈവവചനത്തിന്റെ (ബൈബിൾ) സത്യത്തിൽ നമ്മെ നയിക്കാനും അവിടുത്തോട് അപേക്ഷിക്കുക. (യോഹ. 1:12, യോഹ.14:16-18, വെളി. 3:20, എഫെ. 2:4-8).

നിങ്ങൾ ഇത് ചെയ്തെങ്കിൽ, പ്രാർത്ഥിക്കാൻ ആരംഭിക്കുക, ദിവസം തോറും ബൈബിൾ വായിക്കുക, അതിന്റെ അർത്ഥം മനസ്സിലാക്കിത്തരാൻ ദൈവത്തോട് യാചിക്കുക. യേശു ക്രിസ്തുവിന്റെ സത്യസഭയിൽ മറ്റുള്ള വിശ്വാസികളോടൊപ്പം കൂട്ടായ്മ ആചരിക്കുക. ഈ വിഷയത്തിൽ നിങ്ങൾക്ക് ഞങ്ങളുടെ സഹായം ആവശ്യമെങ്കിൽ മറുപുറത്തു കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക. നിങ്ങളുടെ കൈവശം ബൈബിൾ ഇല്ലെങ്കിൽ, ഞങ്ങൾ ഒരെണ്ണം അയക്കാം. മറുപുറത്തുള്ള പ്രാർത്ഥന ചൊല്ലി യേശു ക്രിസ്തുവിനെ നിങ്ങളുടെ രക്ഷിതാവായി സ്വീകരിക്കുക. *



# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹയെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.

പിതാവേ എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ."


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507

ഫോൺ: 0479–2412459 / 9207976381 / 9447976381

E-mail : hopemsn@hopemsn.org


സ്വകാര്യ വിതരണത്തിന് മാത്രം.